

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വക്കം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: **lfadtvm@yahoo.in**
ഫോൺ : **0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം /ജി പി
-10 -428/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 29/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വക്കം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വക്കം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വക്കം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം /ജി പി -10 -428/23

തീയ്യതി: 29/03/2023

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശ്രീജ കെ	ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ)	20-02-2023	28-02-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-02-2023	28-02-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ലിഷ.കെ. വി (ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ശാലിനി. വി.കെ(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി. തനൂജ.എം. എൻ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി. സപ്ന . എസ്.(സീനിയർ ഗ്രേഡ് ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. എ. താജുന്നീസ	പ്രസിഡന്റ്	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. അനിത.ആർ	സെക്രട്ടറി	01-04-2021	05-12-2021
ശ്രീ. പ്രേം നിർമ്മൽ	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-12-2021	31-01-2022
ശ്രീമതി. അനിത.ആർ	സെക്രട്ടറി	01-02-2022	31-03-2022
ശ്രീമതി. ശാന്തി. എൻ .	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	30-06-2021
ശ്രീ. പ്രേം നിർമ്മൽ	അസിസ്റ്റന്റ് സെക്രട്ടറി	01-07-2021	31-03-2022
ഡോ. സിജു. എൻ എസ്	മെഡിക്കൽ ഓഫീസർ,ആർ. എച്ച് സി .	01-04-2021	31-05-2021
ഡോ. അജിത് ചക്രവർത്തി	മെഡിക്കൽ ഓഫീസർ,ആർ. എച്ച് സി	01-06-2021	31-03-2022
ഡോ. സജി. പി. ആർ.	മെഡിക്കൽ ഓഫീസർ , ആയുർവേദം	01-04-2021	31-03-2022
ശ്രീമതി. അനു ചിത്ര	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീമതി. മുംതാസ്. എം	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2021	14-02-2022
ശ്രീമതി. ദീപ. ആർ	അസിസ്റ്റന്റ് എഞ്ചിനീയർ	14-02-2022	31-03-2022
ശ്രീമതി. ബിന്ദു. ജെ. എസ്	ഐ സി ഡി എസ് സൂപ്പർ വൈസർ	01-04-2021	21-11-2021
ശ്രീമതി. ശ്രീജ.എസ്.എൽ	ഐ സി ഡി എസ് സൂപ്പർ വൈസർ	22-11-2021	31-03-2022
ശ്രീ. ജയറാം. എസ്.വി	എച്ച് എം	01-04-2021	31-05-2021
ശ്രീ. സ്മിത. പി	അഡിഷണൽ ചാർജ്ജ് ഓഫ് എച്ച്.എം	01-06-2021	30-11-2021
ശ്രീമതി. പ്രീത. ദേവദാസ്	എച്ച് എം	01-12-2021	31-03-2022
ഡോ.ആശ ശ്രീനിവാസൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2021	31-03-2022
ശ്രീ. പ്രഭു ലാൽ .ആർ. എഫ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	31-03-2022
ശ്രീ. സുജ. ബി	വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ , സർക്കിൾ 1	01-04-2021	07-09-2021
ശ്രീമതി. സിനി. എസ്.എസ്	വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ , സർക്കിൾ 1	08-09-2021	18-09-2021
ശ്രീ. സൈജു. എം.	വില്ലേജ് എക്സ്ടെൻഷൻ ഓഫീസർ , സർക്കിൾ 1	19-09-2021	31-03-2022
ഡോ. സൂര്യ രാജേന്ദ്രൻ	വെറ്റിനറി സർജൻ	01-04-2021	31-03-2022
ശ്രീമതി അഞ്ജലി ദേവി	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2021	04-08-2021
ശ്രീമതി ഷൈല ബീവി.എ	ഫിഷറീസ് സബ് ഇൻസ്പെക്ടർ	05-08-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ	1-2-1
3	വാർഷിക ധനകാര്യ പത്രിക	1-2
4	ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ	1-3-1
5	ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്ലേന്റ്മെന്റ് പ്രകാരം)	1-3
6	പദ്ധതി അവലോകനം	1-4
7	സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകങ്ങൾ	1-5-1
8	സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല	1-5-2.
9	പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.	1-5-3
10	ക്ഷേമ പദ്ധതികൾ	1-5
11	ക്യാഷ് പരിശോധന	1-6
12	ആഭ്യന്തര നിയന്ത്രണം	1-7
13	തൊഴിലുറപ്പ് പദ്ധതി -അവലോകനം	1-8-1
14	തൊഴിലുറപ്പ് പദ്ധതി	1-8
15	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-9
16	ഗുണഭോക്തൃവിഹിതം-രസീത് പരിശോധന-അപാകതകൾ	1-10
17	വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ- ചട്ടങ്ങൾ പാലിച്ചിട്ടില്ല	1-11
18	ലൈസൻസില്ലാതെ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു	1-12
19	ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ	1-13
20	സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ നടപടികളിൽ വീഴ്ച	1-14
21	ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടപടികളിൽ വീഴ്ച	1-15
22	ലേലം-അപാകങ്ങൾ	1-16
23	വാടക ഈടാക്കിയതിലെ അപാകങ്ങൾ	1-17
24	തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ	1-18
25	വസ്തുനികുതി -അപാകങ്ങൾ	1-19
26	റിസോർട്ടുകളുടെ വസ്തുനികുതി-സഞ്ചയയിലെ വിവരങ്ങളിൽ അവ്യക്തത- രേഖകൾ ലഭ്യമാക്കേണ്ടതാണ്.	1-20
27	വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ	1-21
28	പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ	1-22
29	വൗച്ചർ പരിപാലനം- അപാകതകൾ	1-23
30	വീട് വാസ യോഗ്യമാക്കൽ -എസ്.സി.പി പദ്ധതി -അപാകതകൾ	1-24
31	ദുരിതാശ്വാസ ഫണ്ട് -രേഖകൾ ലഭ്യമാക്കിയില്ല	1-25
32	മാർഗ്ഗരേഖ പാലിയ്ക്കാതെ സബ്സിഡി നൽകി	1-26
33	ജീവനി-നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി	1-27
34	ലോഗ് ബുക്ക് പരിപാലനം- അപാകതകൾ	1-28
35	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-29
36	അങ്കണവാടി കെട്ടിടങ്ങൾക്കുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- നടപടി അനിവാര്യം	1-30
37	ഐ കെ എം വിഹിതം ഒടുക്കൽ - ₹ 53530/- തടസ്സപ്പെടുത്തുന്നു.	1-31
38	ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല- 100000/- രൂപ തടസ്സപ്പെടുത്തുന്നു.	1-32
39	സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കിയില്ല	1-33
40	അങ്കണ വാടികളുടെ അധിക വാടക അടവാക്കൽ - പദ്ധതി രൂപീകരിക്കേണ്ടത് അനിവാര്യം	1-34
41	കോവിഡ് പ്രതിരോധ പ്രവർത്തനം കമ്മ്യൂണിറ്റി കിച്ചൻ- ജനകീയ ഹോട്ടൽ മുഖാന്തിരം പ്രവർത്തിപ്പിക്കൽ - നടത്തിപ്പിലെ അപാകങ്ങൾ	1-35
42	തെരുവ് വിളക്ക് പരിപാലനം- അപാകങ്ങൾ	1-36
43	ശ്യാംഖലാ ബന്ധിത സോളാർ പാനൽ സ്ഥാപിക്കൽ --പൂർത്തിയാക്കിയില്ല	1-37
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

I-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തീയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാനൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാനൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് ഭരണസമിതിയുടെ 1(1) തീയതി 16.02.2021-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

I-1-1 ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു

മുന്നിരിപ്പ്	194155
പ്രതീക്ഷിത വരവ്	157473037
ആകെ	157667192
പ്രതീക്ഷിത ചെലവ്	156338037
നീക്കിയിരിപ്പ്	1329155

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്.
2021-22 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരവും ചെലവും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വിവരം	ബജറ്റ് പ്രകാരം	യഥാർത്ഥ തുക
പ്രാരംഭ ബാക്കി	194155	4782394
തൻവർഷം വരവ്	157473037	44524179
ആകെ വരവ്	157667192	49306573
ചെലവ്	156338037	42128911
നീക്കിയിരിപ്പ്	1329155	7177662

I-1-2 ബജറ്റ് പ്രൊപ്പോസൽ

സെക്രട്ടറി ബജറ്റ് രൂപീകരണത്തിന് മുന്നോടിയായി നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ഘടക സ്ഥാപനങ്ങളിൽ നിന്നും ആവശ്യപ്പെടണം. അതനുസരിച്ച് നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കേണ്ടതാണ്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റ് പ്രപ്പോസലുകൾ സമർപ്പിച്ചിട്ടില്ല. ആയതിനാൽ എല്ലാ ഘടക സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു

I-1-3 ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തീയതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാനൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. നിയമം അനുശാസിക്കും വിധം സമയ പരിധിയോടെ ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും, ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, മേൽ അപാകതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

I-1-4 പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനൽ ഖ.3.1(ii) പ്രകാരം 21-22വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

I-1-5 ബജറ്റ് അവലോകനം

I.പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാനൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തിയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാനൽ ഖണ്ഡിക 4-4].

Ii.വാർഷിക അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാനൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാനൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

I-1-6

ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് പാസ്സാക്കാത്തത് സംബന്ധിച്ച്.

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിൽ അധികമായും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)). എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2022-23-ലെ ബജറ്റിനൊപ്പം 2021-22-ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് മാത്രമാണ് പാസാക്കിയിട്ടുള്ളത്. ILGMS സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രികയിലെ അക്കൌണ്ട് കോഡുകളുമായി പൊരുത്തപ്പെടുത്തി പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഓഡിറ്റ് അന്വേഷണം 01/ 03.02.2022 പ്രകാരം ബോധ്യപ്പെടുത്തിയിരുന്നു. ആയതിനുള്ള മറുപടിയിൽ മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബജറ്റ് രൂപീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതും ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

I-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൌണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2.കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

3.വാർഷിക ധനകാര്യപത്രികപ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

ഫണ്ട്	AFS പ്രകാരമുള്ള ചെലവ് തുക	എ.സി.ആർ പ്രകാരമുള്ള തുക
വികസനഫണ്ട്(ജനറൽ)	6899212	6902912
Maintenance Fund(road)	4855275	5128122
Maintenance Fund(nonroad)	2465357	2682357
വികസന ഫണ്ട് (CFC Tied)	1945266	2311213
വികസന ഫണ്ട് (CFC Untied)	62228	1205471

4.ജനറൽ പർപ്പസ് ഫണ്ടിനത്തിലുള്ള വരവ് എ സി ആർ പ്രകാരം 8875182ഉം, വാർഷികധനകാര്യപത്രിക പ്രകാരം 8858000ഉമാണ്

5.പഞ്ചായത്തിന്റെ ദുരിതാശ്വാസനിധി യുടെ B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 65392/-രൂപയും B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 4082/- രൂപയുമാണ്.പ്രസ്തുത വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

6.2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ് ,വരവ്,ചെലവ് ,നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
Contractors EMD	51360	6700	42400	15660
Suppliers EMD	91723	3000	47930	46793
Bidders EMD	75687	10000	33860	51827
Contractors Security Deposit	0	0	0	0
Suppliers Security Deposit	25252	0	0	25252
Bidders Security Deposit	17625	0	0	17625
Contractors Retention	64724	1521	0	85899
Other Deposits	46697	6000	13000	39697
Rent Deposit	58487	8505	0	66992
Auction Deposit	71698	0	0	71698
Water Deposit	4000	0	0	4000
Election Deposit	65000	0	11000	54000
Other DepositRevenue	56500	0	0	56500
Deposit Received From Others	28000	0	0	28000

പരിശോധനയ്ക്കായി ലഭ്യമാക്കിയ രജിസ്റ്ററിൽ 2021-22ലെ മേൽ പട്ടികപ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ പ്രസ്തുത ഇനങ്ങളുടെ വരവ് ,ചെലവ് , നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. ആയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്.ഡെപ്പോസിറ്റുകൾ പരിശോധിച്ച് കാലഹരണപ്പെട്ടവയുടെ വിവരവും ആയതിൻമേൽ സ്വീകരിച്ച തുടർനടപടിയും സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

7.ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 38037/-രൂപ നീക്കിയിരിപ്പുണ്ട്.ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

8.B 11,I 17 A ഷെഡ്യൂളുകളുടെ പരിശോധനയ്ക്കായി ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

9.വാർഷിക ധനകാര്യ പത്രിക B18 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. അഡ്വാൻസ് തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ക്രമനം	ഇനം	മുന്നിരിപ്പ്	തൻവർഷം പഞ്ചായത്ത് ചെലവഴിച്ച തുക	തൻവർഷം വരവായി ലഭിച്ച തുക	നീക്കിയിരിപ്പ്
1	Festival Advance	15000	135000	9000	15000**
2	Temporary Advance For Official Purposes	322691	1131513	207300	0**
3	Advance To Implementing Officers-Deposit With KWA	915432	0	22323	893109
4	Advance To Implementing Officers-Deposit With KSEB	1018315	0	0	1072479**
5	Advance To Implementing Officers-Deposit With ANERT	1190000	145035	0	1335035
6	Advance To Implementing Officers	254904		0	254904
7	Advance To Others	189850	20000	20000	189850
8	Other Advances	0	208385	197267	11118
9	Advance To Beneficiary Committee Conveners	0	85100	0	0**

**Festival Advance,Temporary Advance For Official Purposes,Advance To Implementing Officers-Deposit With KSEB,Advance To Beneficiary Committee Conveners എന്നീ ഇനങ്ങളിലെ വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പ്.വരവ്,ചെലവ് ,നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2020-21 വാർഷിക ധനകാര്യപത്രികയിലെ B18ൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ ഏതൊക്കെ വർഷങ്ങളിലെ ഏതൊക്കെ പ്രവൃത്തികൾക്കായി നൽകിയിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

10..വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയുടെ നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

	മുന്നിരിപ്പ്	വരവ്	ആകെ	സൂലേഖ ചെലവ് പത്രിക പ്രകാരം ചെലവ്	നീക്കിയിരിപ്പ്	വാർഷിക ധനകാര്യപത്രിക പ്രകാരം നീക്കിയിരിപ്പ്
ജില്ലാപഞ്ചായത്ത് വിഹിതം	3620	420875	424495	420875	3620	3620
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	679334	433574	1112908	413574	699334*	431334
മുനിസിപ്പൽ കോർപ്പറേഷൻ	0	1620350	1620350	1620350	0	0
				ആകെ		434954

I*ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ മുന്നിരിപ്പ് ,വരവ് എന്നിവയിൽ നിന്നും സൂലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് കഴിഞ്ഞുള്ള നീക്കിയിരിപ്പ് B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

Ii B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിൽ നിക്കിയിരിപ്പായ തുക 434954/- രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ നിക്കിയിരിപ്പായ തുക 778829 /- രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പും വ്യത്യാസം വന്നതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

11.വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

	20-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	21-22 വർഷത്തെ നിക്ഷേപം	ആകെ	ചെലവ്	നീക്കിയിരിപ്പ്	21-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
വാട്ടർ അതോറിറ്റി	915432	0	915432	22323	893109	893109
കെ.എസ്.ഇ.ബി	1018315	0	1018315	0	1018315*	1072479
അനർട്ട്	1190000	145035	1335035	0	1335035	1335035

(*) യഥാർത്ഥ നീക്കിയിരിപ്പ് ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. 107/21-22 നമ്പർ പദ്ധതിയ്ക്കായി (ഇലക്ട്രിക് പോസ്റ്റു മാറ്റി സ്ഥാപിക്കലും,ലൈൻ എക്സ്റ്റെൻഷനും) ചെലവഴിച്ച വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത 54164/- രൂപ ചെലവായി ചേർത്തതാണ് കാരണം.

12)വാർഷിക ധനകാര്യപത്രികപ്രകാരം മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് 426885/- രൂപ ആസ്തി രൂപീകരണത്തിനായി ചെലവഴിച്ചതായി കാണുന്നു.പ്രസ്തുത ഫണ്ട് ഏതൊക്കെ പ്രവൃത്തികൾക്കായി ഉപയോഗിച്ചുവെന്ന വിവരം ലഭ്യമാക്കേണ്ടതാണ്.വിശദാംശം ചുവടെ ചേർക്കുന്നു

ഫണ്ട്	RP7	I 6	വ്യത്യാസം
മെയിന്റനൻസ് ഫണ്ട് നോൺറോഡ്	2465357	2038472	426885

13.സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

14. I-18 Schedule പ്രകാരം Other Income ഇനത്തിൽ 51000/ -രൂപ ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

15.2022 മാർച്ച് മാസത്തെ ജനപ്രതിനിധികളുടെ ഓണറേറിയം,സിറ്റിംങ് ഫീസ്,വൈദ്യുതി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2022 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.എന്നാൽ പ്രസ്തുത ചെലവുകൾ 2021-22 വർഷത്തെ എന്നാൽ പ്രസ്തുത ചെലവുകൾ 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകയറി നം - 26/27.02.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല

1-2 വാർഷിക ധനകാര്യ പത്രിക

വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.7.2022	04.08.2022

1998ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 9 പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം ഓഡിറ്റിനായി വാർഷിക കണക്കുകൾ സമർപ്പിക്കണമെന്നുണ്ട്. എന്നാൽ, വാർഷിക ധനകാര്യപത്രിക സമയപരിധിക്കുള്ളിൽ സമർപ്പിച്ചിട്ടില്ല. കൃത്യമായ സമയപരിധി പാലിച്ച് വാർഷികധനകാര്യപത്രിക തയ്യാറാക്കി സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-3-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

1. ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

ഫണ്ട്	ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക	എ.സി.ആർ പ്രകാരമുള്ള തുക
വികസനഫണ്ട്(ജനറൽ)	8193412	6902912
വികസനഫണ്ട്(എസ്.സി.പി)	3872560	3813893
CFC(tied)	1945266	2311213
Maintenance Fund(nonroad)	2465357	2682357
Maintenance Fund(road)	4855275	5128122

2.സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 % എങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം .ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞതുക 2181120/-രൂപയാണ്. എന്നാൽ ഉത്പാദന മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുക (2181427) വകയിരുത്തിയിരുന്നുവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 1738202/-രൂപ മാത്രമാണ്.

3. സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി. ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 1226240/- രൂപയാണ്. വനിതാഘടകപദ്ധതിയ്ക്കായി ആകെ 1373320/- രൂപയാണ് വകയിരുത്തിയത്.ആയതിന്റെ 82% മായ 1128295/- രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്.

4.സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റിവ് കെയർപ്രകാരമുള്ള പരിചരണത്തിനും ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി. ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം.ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും,പാലിയേറ്റിവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വേണ്ടിയുള്ള പദ്ധതിയ്ക്കായി വകയിരുത്തേണ്ട കുറഞ്ഞതുക613120/-രൂപയാണ്. എന്നാൽ പ്രസ്തുത മേഖലയിലെ പദ്ധതികൾക്കായി ആകെ 652750/- രൂപ അടങ്കൽ വകയിരുത്തിയിട്ടുണ്ടെങ്കിലും,ആയതിൽ 600547/- രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്. വകയിരുത്തിയതിന്റെ 92% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

5. സ.ഉ(കൈ)നം.11/2018/Lsgd Dated 29.1.2018 ഖണ്ഡിക 5.2.1 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിട്ടുള്ള ഇനമായി ഉൾപ്പെട്ടതാണ് എസ് എസ് എ വിഹിതം. ബജറ്റ് അനുബന്ധം 2പട്ടിക 9(അനിവാര്യ പരിപാടികൾക്ക് വികസന ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ) പ്രകാരം വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും 5000/-രൂപയാണ് പ്രസ്തുത പ്രോജക്ടിനുള്ള അനിവാര്യവകയിരുത്തൽ തുക.എന്നാൽ പ്രസ്തുത മേഖലയിൽ മേൽ തുക വകയിരുത്തിയിട്ടിണ്ടെങ്കിലും ആയത് ചെലവ് ചെയ്തിട്ടില്ല.

6. B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ ചുവടെ ചേർക്കുന്നു

ക്രമ നം	ഹെഡ്ഡ് കോഡ്	ഇനം	B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക
1	**320100181**	**Total Sanitation Campaign**	500,000.0
2	**320100195**	**Grants Funds For Pandemic/ Epidemic Control**	1237033
3	**320100196**	**ICDS**	338815
4	**320100197**	**Literacy Scheme Grant**	47638
5	**320100198**	**Grants From Suchitwa Mission**	523287
6	**320100199**	**Grant For Keralolsav**	20000
7	**320100999**	**Other Liabilities**	5000
8	**320400199**	**Grants, Funds & Contributions For Specific Purposes - Other Financial Institutions**	1300600
9	**320500101**	**Grants, Funds & Contributions For Specific Purposes - Welfare Bodies-Capital**	392319
10	**320700204**	**Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats**	431334.00
11	**320700205**	**Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats**	3620

മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസി-യുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, അനുവദിച്ച വർഷം തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും ലഭ്യമാക്കേണ്ടതാണ്.

7.സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം-അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(ആ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നിക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(ആ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(ആ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മൂൻവർഷങ്ങളിൽ ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി. അക്കൗണ്ടിൽ നിക്കിയിരിപ്പായി അവശേഷിക്കുന്നു.

8. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം വിനിയോഗിക്കാതെ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം298216/-രൂപ ഏതിനത്തിലുള്ളതാണെന്നും പ്രോജക്ട് നം. വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് സ്പിൽ ഓവർ ആക്കിയിട്ടു ണ്ടെങ്കിൽ വിശദാംശം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്..

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം 02/21.02.2023നുള്ള മറുപടിയിൽ തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

I-3 ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നിക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	7795934	7795934	8193412	-397478
വികസനഫണ്ട്(എസ്.സി.പി)	0	5120725	5120725	3872560	1248165
വികസനഫണ്ട് (ടി.എസ്.പി)	0	0	0	0	0
CFC(tied)	0	4610315	4610315	1945266	2665049
CFC(untied)	0	2750880	2750880	1205471	1545409
Maintenance Fund(nonroad	0	4871980	4871980	2465357	2406623
Maintenance Fund(road)	0	9105703	9105703	4855275	4250428
CSS*F	0	0	0	1246135	-1246135
SSS*G	0	0	0	440000	-440000

1) കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നിക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2) സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
3) വികസന ഫണ്ട് ജനറൽ, സി.എസ്.എസ്, എസ്.എസ്.എസ് എന്നിവയുടെ നിക്കിയിരിപ്പ് നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

I-4 പദ്ധതി അവലോകനം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടുകൾ				അടങ്കൽ		
		അംഗികാരം	നടപ്പാക്കിയത്	നടപ്പിലാക്കാത്തത്	ശതമാനം	വകയിരുത്തൽ	ചെലവ്	ശതമാനം
I	കൃഷി ഓഫീസർ	6	6	O	100	1124420	1124395	100
Ii	വെറ്റിനറി സർജൻ	11	10	1	91	1150419	464231	40
Iii	മെഡിക്കൽ ഓഫീസർ - Homeo	2	2	0	100	180000	179000	99
	മെഡിക്കൽ ഓഫീസർ -RHC	4	4	0	100	693750	629947	91
Iv	മെഡിക്കൽ ഓഫീസർ - ആയുർവേദം	2	2	0	100	725000	725000	100
V	ഫിഷറീസ് സബ് ഇൻസ്പെക്ടർ	4	2	2	50	1443000	134907	9
Vi	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ -1	20	10	10	50	12600500	3880000	31
Vii	എ.സി.ഡി.എസ് സൂപ്പർവൈസർ	6	6	0	100	2534250	2387535	94
Viii	സെക്രട്ടറി	29	23	6	79	9090665	5692823	63
X	അസിസ്റ്റന്റ് എഞ്ചിനിയർ	64	35	29	55	20414356	9703738	48
Xi	എച്ച്.എം.	4	2	2	50	575700	350000	61
Xii	ഡയറിഫാം ഇൻസ്ട്രക്ടർ	2	2	0	100	800000	577699	72
Xiii	അസിസ്റ്റന്റ് സെക്രട്ടറി	6	6	0	100	1479475	1136796	77
ആകെ		160	110	50	69	52811535	26986071	51

1) ആകെ വകയിരുത്തിയതിന്റെ 52 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് .

എ) അസിസ്റ്റന്റ് എഞ്ചിനീയർ അംഗികാരം വാങ്ങിയ 64 പ്രോജക്ടുകളിൽ 35 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി 5 എണ്ണം ഉപേക്ഷിച്ചതായും 13 പ്രവൃത്തികൾ 2022-23 ൽ നടപ്പിലാക്കിയതായും 3എണ്ണം സ്ഥല വാസികളുടെ തർക്കം കാരണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

സി) വി ഇ ഒ സർക്കിൾ -1-35%, എച്ച് എം 47% , വെറ്ററിനറി ഓഫീസർ-40 %, ഫിഷറീസ് ഇൻസ്പെക്ടർ 33 % എന്നിങ്ങനെയാണ് ചെലവു വിഹിതം . ചെലവു വിഹിതം കുറയാനിടയായ സാഹചര്യം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും മറുപടിയിൽ വിവരം ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്രഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്ത പദ്ധതി രൂപീകരണത്തിന് മുൻപായി, ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻകയറി നം 40/27-2-28 ന് ഭാഗികമായ മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.) ആസൂത്രണ സമിതി മിനുട്സ് പരിശോധിച്ചതിൽ 1-2-21ൽ തീരുമാനങ്ങളൊന്നും രേഖപ്പെടുത്താത്ത ഒരു യോഗവും 6 നിർദ്ദേശങ്ങൾ രേഖപ്പെടുത്തി 15-2-21 ൽ ഒരു യോഗവും ചേർന്നിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഖണ്ഡിക 3.1.2 പ്രകാരം നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പ് ആവശ്യമെങ്കിൽപുനസംഘടിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.അപ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് . വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ട് നിർദ്ദേശം നൽകുക മാത്രമാണ് ചെയ്തിരിക്കുന്നത്. വിദ്യാഭ്യാസം, കലയും സംസ്കാരവും വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ 21-22 വർഷത്തേക്കായി നിർദ്ദേശങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളുടെയും ഹാജർ നില കുറവാണ് ഉദാ- പട്ടിക ജാതി വർക്കിംഗ് ഗ്രൂപ്പ് , രേഖ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്ക്കരിച്ചിട്ടുണ്ട്.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മൂൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടതിൽ താഴെ പറയും പ്രകാരം

മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	വർക്കിംഗ് ഗ്രൂപ്പ്	തീയതി	നിർദ്ദേശം	ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടി
1	ദാരിദ്ര്യ ലഘൂകരണം	25-2-21	അഗതി രഹിത കേരളം-ആശ്രയ ഗുണഭോക്തൃ പട്ടികയിൽ അനർഹരായ ആളുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം ഗുണഭോക്തക്കളെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുക	അനർഹരായ ആളുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം ഗുണഭോക്തക്കളെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതാണ്
2	വനിത ശിശു വികസനം	17-2-21	ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ	തുടർന്നുള്ള വർഷങ്ങളിൽ ശക്തിപ്പെടുത്തുന്നതാണ്

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടതിൽ ലഭ്യമാക്കിയ മറുപടി താഴെ പറയും പ്രകാരമാണ്.

ക്രമ നമ്പർ	മേഖല	തീവ്രത	പ്രശ്നം	ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടി
I	സാമൂഹ്യ നീതി	ഗുരുതരം	വൃദ്ധ സദനം പ്രവർത്തിക്കാത്തത്	ഫണ്ടിന്റെ അപര്യാപ്തത കാരണംപദ്ധതി നിർവ്വഹണം നടത്താൻ കഴിഞ്ഞിട്ടില്ല
Ii	കുടിവെള്ളം	ഗുരുതരം	കുടിവെള്ള ക്ഷാമം	ജല ജീവൻ മിഷനിലൂടെ സമ്പൂർണ്ണ കുടിവെള്ള പദ്ധതി ആരംഭിച്ചതിനാൽ മറ്റ് പദ്ധതികൾ നടപ്പാക്കേണ്ട സാഹചര്യം ഇല്ല.

I-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

1. സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന ലഭ്യമാക്കിയ മരണറിപ്പോർട്ടുകൾ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (രജിസ്ട്രേഷൻ നം. 39/21/12.04.21 മുതൽ 23/022 തീയതി 09/02/22 വരെയുള്ള മരണ റിപ്പോർട്ടുകളാണ് പരിശോധിച്ചത്) വിശദാംശം ചുവടെ:-

ക്രമ നം	പേര്	പെൻഷൻ ഐ ഡി	പെൻഷൻ തരം	നിലവിലെ സ്റ്റാറ്റസ്	മരണപ്പെട്ട തീയതി	അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം	അധികം നൽകിയ തുക
1	പ്രഭാകരൻ	102420200271	വാർദ്ധക്യകാല പെൻഷൻ	സസ്പെൻഡ്	31/05/2021	06/21-09/21	6400
2	എൻസത്യരാജൻ	102420201021	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷന്	സസ്പെൻഡ്	20.05.21	05/21-09/21	8000
3	സാംബശിവൻ	102430201634	വാർദ്ധക്യകാല പെൻഷൻ	സസ്പെൻഡ്	01/06/21	7/21-9/21	4800
4	പ്രകാശ്.എസ്	102420201930	വാർദ്ധക്യകാല പെൻഷൻ	സസ്പെൻഡ്	20/06/21	7/21 - 9/21	1800
5	ഷെബു	102420400134	ദേശീയ ഡിസ്സെബിലിറ്റി പെൻഷൻ സ്കീം	സസ്പെൻഡ്	22/06/21	7/21- 8/21	3200
6	നജീബ്.എം.	102420202593	വാർദ്ധക്യകാല പെൻഷൻ	സസ്പെൻഡ്	24/06/21	7/21-8/21	4800
7	ബേബി സുമം	102410600104	ദേശീയ വിധവാ പെൻഷൻ	സസ്പെൻഡ്	01/08/21	9/21- 02/22	3600
8	വി.സുഭാഷിണി	102440202407	വാർദ്ധക്യകാല പെൻഷൻ	സസ്പെൻഡ്	28/09/21	10/21	1600
9	ഗോപി	102420200101	വാർദ്ധക്യകാല പെൻഷൻ	ആക്ടീവ്	24/11/21	12/21-11/22	19200
10.	കനകമ്മ.കെ.	102420100199	കർഷക തൊഴിലാളി പെൻഷൻ	ആക്ടീവ്	28/8/21	9/21-11/22	24000
11	പൊന്നമ്മ	102420201677	വാർദ്ധക്യകാല പെൻഷൻ	ആക്ടീവ്	06/08/21	9/21-11/22	24000
12	സുമംഗല	102420201816	വാർദ്ധക്യകാല പെൻഷൻ	സസ്പെൻഡ്	13/01/22	02/22-05/22	6400
13	ശ്യാമള.ആർ	102420200587	വാർദ്ധക്യകാല പെൻഷൻ	ആക്ടീവ്	21/01/ 2022	02/22 - 11/22	14400
14	ഗോമതി.കെ.	102420600559	വിധവാ പെൻഷൻ	സസ്പെൻഡ്	15.01.22	01/22- 05/22	8000
15	അനിരുദ്ധൻ.ആർ.	102420100041	കർഷക തൊഴിലാളി പെൻഷൻ	ആക്ടീവ്	02/02/2022	02/22-11/22	16000
16	എം.രാജമണി	102420200410	വാർദ്ധക്യകാല പെൻഷൻ	സസ്പെൻഡ്	28/01/22	03/22-09/22	11200
	ആകെ						157400

2.പെൻഷൻ സ്റ്റാറ്റസിൽ നിക്ഷേപിക്കുവാൻ സാധിക്കുന്നില്ലഎന്നും രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും പെൻഷൻ തുക അനുവദിച്ചു

പെൻഷൻ സ്റ്റാറ്റസിൽ സസ്പെൻഡഡ് എന്നും അക്കൗണ്ടിൽ തുക നിക്ഷേപിക്കുവാൻ സാധിക്കുന്നില്ല എന്നും രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലും പെൻഷൻ തുക മരണ ശേഷവും അനുവദിക്കുകയുണ്ടായി. ഇത്തരത്തിൽ അനുവദിച്ച തുക ബാങ്കിന്റെ സസ്പെൻഡ് അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.വിശദാംശം ചുവടെ.

ക്രമ നം	പേര്	പെൻഷൻ ഐ ഡി	പെൻഷൻ തരം	നിലവിലെ സ്റ്റാറ്റസ്	മരണപ്പെട്ട തീയതി	അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം	അധികം നൽകിയ തുക
1	സുഭാഷ് ചന്ദ്രബോസ്	102420200380	വാർദ്ധക്യ കാല പെൻഷൻ	സസ്പെൻഡ്	25/05/21	5/21-9/21	8000
2	ഷെബു	102420400134	ദേശീയ ഡിസ്സെബിലിറ്റി പെൻഷൻ സ്കീം	സസ്പെൻഡ്	22/06/21	9/21	1600
3	കെ.സത്യഭാമ	102440202407	വാർദ്ധക്യകാല പെൻഷൻ	സസ്പെൻഡ്	28/09/21	10/21	1600
4	ഭാർഗ്ഗവി	102420202141	വാർദ്ധക്യകാല പെൻഷൻ	സസ്പെൻഡ്	13/07/21	08/21-05/22	6000
5	സാവിത്രി	102420200313	വാർദ്ധക്യ കാല പെൻഷൻ	സസ്പെൻഡ്	08/10/21	11/21-5/22	11200
6	അബ്ദുൽ മജീദ്.എം.	102420200379	വാർദ്ധക്യ കാല പെൻഷൻ	സസ്പെൻഡ്	26/10/21	11/21-5/22	11200
7	അബ്ദുൽ റഷീദ്	102420200543	വാർദ്ധക്യ കാല പെൻഷൻ	സസ്പെൻഡ്	09/12/21	12/21-5/22	9600
8	വിശ്വനാഥൻ ആശാരി.കെ.	102420400041	ഡിസ് എബിലിറ്റി പെൻഷൻ സ്കീം	സസ്പെൻഡ്	27/12/21	01/21-05/21	8000
9.	ശാരദ	102420400041	വാർദ്ധക്യകാല പെൻഷൻ	സസ്പെൻഡ്	30/12/21	01/21-05/21	8000
10.	വിമല.വി.	102420200110	വാർദ്ധക്യ കാല പെൻഷൻ	സസ്പെൻഡ്	31/12/2021	01/21-5/21	8000
14	ദിലീപ്കുമാർ.കെ.	102420202277	വാർദ്ധക്യ കാല പെൻഷൻ	സസ്പെൻഡ്	20/01/22	02/22-09/22	12800
15	വള്ളിയമ്മ.കെ.	102420201797	വാർദ്ധക്യ കാല പെൻഷൻ	സസ്പെൻഡ്	31/10/21	10/21 - 05/22	4800
16	പങ്കജാക്ഷി.കെ	102420201708	വാർദ്ധക്യ കാല പെൻഷൻ	സസ്പെൻഡ്	27.11.21	12/21-09/22	16000
17	ഗോമതി.കെ.	102420600559	വിധവാ പെൻഷൻ	സസ്പെൻഡ്	15.01.22	01/22-05/22	8000

18	വീരേന്ദ്രസിംഹൻ.വി.	102420202503	വാർദ്ധക്യ കാല പെൻഷൻ	സസ്പെൻഡ്	17/02/22	03/22-09/22	14400
19	സൈനബാ ബീവി	102420100111	വാർദ്ധക്യ കാല പെൻഷൻ	സസ്പെൻഡ്	23/02/22	02/22-05/22	8000
20	അബ്ദുൽ ഹമീദ്	102420202167	വാർദ്ധക്യ കാല പെൻഷൻ	ആക്ടീവ്	15/02/22	03/22-11/22	5400
21	ശ്യാമള.ആർ	102420200587	വാർദ്ധക്യ കാല പെൻഷൻ	ആക്ടീവ്	21/01/22	02/22-11/22	16000
	ആകെ						158600

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വക്കം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 12/25.02.23 ന് മറുപടിയിൽ സസ്പെന്റ് ചെയ്ത അക്കൗണ്ടുകളിൽ തുക എങ്ങനെ ക്രഡിറ്റ് ആയി എന്ന് പരിശോധിച്ച് തുടർനടപടികൾ ഓഡിറ്റിനു റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നാണ് അറിയിച്ചത്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയതുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

I-5-2. സാമൂഹ്യ സുരക്ഷാ പെൻഷൻ, സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

1.ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു).

നം	പേര്	മരണപ്പെട്ട തീയതി	ആധാർ നമ്പർ	നിലവിലെ സ്റ്റാറ്റസ്
1	സാവിത്രി	08.10.21	240704118048	ആക്ടീവ്
2	കെ.സുന്ദരേശൻ	11.10.21	625949280536	ആക്ടീവ്
3.	ഗോപി	24.11.21	574054443592	ആക്ടീവ്

സേവന വെബ്സൈറ്റ് പരിശോധിച്ച് ഇപ്രകാരം മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത മുഴുവൻ ഗുണഭോക്താക്കളെയും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.വക്കം ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റ് പഞ്ചായത്ത് /മറ്റ് സ്ഥാപനത്തിൽ നിന്നും പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളുടെ മരണവിവരം ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിനെ/പെൻഷൻ വിതരണ സ്ഥാപനത്തിനെ അറിയിക്കാത്തതിനാൽ അനർഹമായി പെൻഷൻ വിതരണം ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:-

ക്രമ നം	തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് / പെൻഷണറുടെ പേര്	പെൻഷൻ ഐ ഡി	പെൻഷൻ തരം	നിലവിലെ സ്റ്റാറ്റസ്	മരണപ്പെട്ട തീയതി	അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം	അധികം നൽകിയ തുക
1	ചിറയൻകീഴ് ഗ്രാമപഞ്ചായത്ത്	1102430201634	കർഷക തൊഴിലാളി പെൻഷൻ	ആക്ടീവ്	25.03.21	4/21-09/22	28800

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി 12/25.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിച്ച് മേൽ അപാകം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

I-5-3 പെൻഷൻ രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ 28/09/2019-ലെ സർക്കുലർ പ്രകാരം സാമൂഹ്യ സുരക്ഷാപെൻഷൻ സംബന്ധിച്ച അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനം എടുത്ത്, അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം	പേര്	ഫയൽ നം / തീയതി	പെൻഷൻ
1	സഫിയാബീവി.എ.	A5 40/2021	വാർദ്ധക്യകാലപെൻഷൻ
2	എൻ.സുഗന്ധി	A3/2580/20	വാർദ്ധക്യകാലപെൻഷൻ
3	ഓമന.എം.	A5/131/2021/ 07.01.2021	വാർദ്ധക്യകാലപെൻഷൻ
4	ഗോപാലൻ	A5/0217/21/ 08/01/2021	വാർദ്ധക്യകാലപെൻഷൻ
5	വേണുഗോപാൽ	A5/3123/20/ 18/08/20	വാർദ്ധക്യകാലപെൻഷൻ
6	ഹയറുന്നീസ	A5/724/21/ 21/01/21	വാർദ്ധക്യകാലപെൻഷൻ
7	ഗീതാഭായി	A5/1431/21	വാർദ്ധക്യകാലപെൻഷൻ
8	തങ്കമണി.വി.	A5/3172/21	വാർദ്ധക്യകാലപെൻഷൻ

ക്രമ നമ്പർ 1,2,7,8 എന്നിവയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി 12/25.02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

I-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	768500	47
വിധവ പെൻഷൻ	13874500	979
വാർദ്ധക്യകാല പെൻഷൻ	27802500	2190
വികലാംഗ പെൻഷൻ	3965000	267
50 വയസ്സിനുമുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	552100	30

I-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.02.23 തീയ്യതിയിൽ 03.35 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 54857/-രൂപ (അൻപത്തിനാലായിരത്തി എണ്ണൂറ്റി അൻപത്തിയേഴ് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

I-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ശ്രദ്ധയൂന്നേണ്ട വിഷയങ്ങൾ/നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.
1)ഓഫീസ് ഉത്തരവ് മൂഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിക്കുകയും ഓഫീസ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ നടത്തുകയും ചെയ്തിട്ടുണ്ട്. എങ്കിലും ബജറ്റ്, വാർഷിക ധനകാര്യപ്രതിക എന്നിവ തയ്യാറാക്കുന്നതിലുൾപ്പെടെ പ്രധാന രേഖകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.
2.പ്രൊജക്ട് ഓഫീസ് വഴി വിതരണം ചെയ്യുന്ന ഫാറത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള രജിസ്റ്ററിൽ ചേർക്കുന്നില്ല. ആയത് രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.
3. ഗ്രാമപഞ്ചായത്തിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.
4. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വ്യാപകമായി പുതുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മുന്നൊരുക്കം ഇല്ലാത്തതാണ് കാരണം.
5.പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി പരിശോധനയിൽ കണ്ടു.സേവന വെബ്സൈറ്റ് പരിശോധിച്ച് ഇപ്രകാരം മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്ത മുഴുവൻ ഗുണഭോക്താക്കളെയും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത രസീത്ബുക്കുകളിലെ തുകകൾ യഥാസമയം ഒടുക്കുവരുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.
7)വസ്തു നികുതി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

8)തനത് വരുമാനം പൂർണമായി പിരിച്ചെടുത്ത് വരുമാന വർദ്ധനവുണ്ടാക്കുന്ന നടപടികളുണ്ടാകണം.
9) ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
10) പൊതു ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല.
11) വൌച്ചറുകൾക്കൊപ്പം അനുബന്ധ രേഖകൾ സൂക്ഷിക്കാത്തതായി പരിശോധനയിൽ കണ്ടു.

I-8-1 തൊഴിലുറപ്പ് പദ്ധതി -അവലോകനം

ഗ്രാമ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ വാർഡുകളുടെ എണ്ണം	14
ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം	4280
തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	2672
തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം	1183
തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം	661
ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ ശരാശരി തൊഴിൽ ദിനങ്ങളുടെ എണ്ണം	82.85

ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം	1628
വകയിരുത്തിയ തുക	158749000
നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	139
കൂലിയിനത്തിലെ ചെലവ്	28935172
കൂലിയിതരയിനത്തിലെ ചെലവ്	714497

ഓഡിറ്റ് എൻകയറി നം 31/21-22, തീയതി - 27.02.23 ക്കുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

I-8 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	0	636643	636643	634543	2100
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	29649669	29649669	29649669	0
ആകെ		30286312	30286312	30284212	2100

വാർഷിക ധനകാര്യപത്രിക, തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് എന്നിവയിലെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല. (0.92 പൈസയുടെ വ്യത്യാസം ഉണ്ട്).

I-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	20.07.22 മുതൽ 26.7.22 വരെ	1-8-21 മുതൽ 31-3-22 വരെ	13-10-22
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	4.02.2013	2007-08 മുതൽ 2011-12 വരെ	9/4/2013

I-10 ഗുണഭോക്തൃവിഹിതം-രസീത് പരിശോധന-അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ്(വാല്യം 1) ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറിബാങ്കിൽ ഒടുക്കേണ്ടതാണ്. എന്നാൽ, കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികളിൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്ത രസീത്ബുക്കുകളിലെ താഴെപറയുന്ന തുകകൾ യഥാസമയം ഒടുക്കുവരുത്തിയതായി കാണുന്നില്ല. വിശദാംശം ചുവടെ

ക്രമനം	ബുക്ക് നമ്പർ	രസീത് നമ്പർ/ തീയതി	തുക	തുക ഒടുക്കു വരുത്തിയ തീയതി
1	11670	3-17/1.12.2021	7500	4.12.2021
2	11671	35-39/30.12.2021	3700	29.12.2021

ക്രമ നം. 2 ൽ രസീത് പ്രകാരം 30.12.2021 ലെ കളക്ഷൻ തുക 29.12.2021 ൽ ആണ് അടവാക്കിയതായി കാണുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം.27 ന് ക്രമ നം. 1 ൽ രസീതുകളിലെ തീയതി രേഖപ്പെടുത്തിയതിൽ പിഴവ് സംഭവിച്ചതാണെന്നും ക്രമ നം. 2 ൽ 29.12.2021ൽ സമാഹരിച്ച തുക അന്നേ ദിവസം തന്നെ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്നും രസീതിൽ തീയതി തെറ്റായി രേഖപ്പെടുത്തിയതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

I-11 വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ- ചട്ടങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 631 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ രേഖകൾപ്രകാരം 40 വളർത്തു നായകൾക്ക് മാത്രമാണ് 2021-22 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത് . വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറി നമ്പർ -08/ 23 .02.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ വളർത്തു നായകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

I-12 ലൈസൻസില്ലാതെ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 , 2012 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 3(1) എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ചുവടെ ചേർക്കും പ്രകാരം 16 ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

ക്രമ നം	ഇനം	എണ്ണം
1	ഡയറി ഫാം	03
2	ഗോട്ട്	07
3	ഇറച്ചി ക്കോഴി	02
4	മുട്ടക്കോഴി	04
	ആകെ	16

പ്രസ്തുത ഫാമുകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം,അപേക്ഷകൾ,രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറി നം - 09/23 .02.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

I-13 ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ രജിസ്റ്ററുകൾ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു-

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് അനുവദിച്ചതിലെ അപാകങ്ങൾ

1)ഉദ്ദേശ്യസംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം ,ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്..ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ,അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

2. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലു വച്ച് മറച്ചതും ഈച്ച പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009 , സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നെണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്.കൂടാതെ ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ 06 അറവ്ശാലകളും , 09 വിപണന യൂണിറ്റുകളുമുണ്ട്. പഞ്ചായത്തിലെ 2021-22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 02 ഇറച്ചിക്കടകൾക്ക് മാത്രമേ ലൈസൻസ് നൽകിയിട്ടുള്ളൂ.എന്നാൽ അവയുടെ അപേക്ഷയോടൊപ്പം മേൽ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

3. സഞ്ചയ പ്രകാരം 979 വാണിജ്യ/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം 281 സ്ഥാപനങ്ങൾ മാത്രമാണ് പഞ്ചായത്തു പരിധിയിൽ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു-

ക്രമ നമ്പർ	ഇനം	സഞ്ചയ പ്രകാരമുള്ള റിക്കോർഡ്സിന്റെ എണ്ണം
1	ഇതര വ്യവസായങ്ങൾക്കാവിശ്യമുള്ളവ	19
2	ഓഫീസ് ആവിശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)	09
3	വാണിജ്യാവിശ്യത്തിനുള്ള 200 ച.മീ വരെ/മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	03
4	വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ	09
5	വാണിജ്യാവിശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ	892
6	വാണിജ്യാവിശ്യത്തിനുള്ള ബങ്കുകൾ, പെട്രികടകൾ, കംപ്യൂട്ടർ സെന്ററർ, ഫ്യൂവൽ സ്റ്റേഷനുകൾ	6
7	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്ററർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമാ തീയറ്റർ	08
8	റിസോർട്ടുകൾ	02
9	വ്യവസായആവശ്യത്തിനുള്ള കയർപിരി ഷെഡ് /കൈത്തറി ഷെഡ്	31
	ആകെ	979

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം 02/21.02.2023നുള്ള മറുപടിയിൽ തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്നാണ് അറിയിച്ചത്. മേൽ അപാകങ്ങൾ പരിഹരിക്കുന്നകിനുള്ള നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലുള്ള 14വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പു വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്. 2017ൽ കേരള പഞ്ചായത്ത് രാജ് (അപകടകരമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കുമുള്ള ലൈസൻസ്) ചട്ടങ്ങൾ പരിഷ്ക്കിച്ചതിനാൽ ഗണ്യമായ വരുമാന വർദ്ധനവ് ഈയിനത്തിൽ ഉണ്ടാകേണ്ടതാണ്. പ്രാദേശിക പരിശോധനയിലൂടെ കൃത്യമായ ഡിമാന്റ് നിർണയിച്ച് വരുമാന നഷ്ടം ഉണ്ടാവുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ സജീവ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

I-14 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ നടപടികളിൽ വീഴ്ച

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 3, 4, 5 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. ഒരു സ്വകാര്യ ആശുപത്രിയോ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുമൂന്ന് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതും അപേക്ഷ ലഭിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെയോ കെട്ടിടങ്ങളുടെയോ സുരക്ഷിതത്വം, അപേക്ഷയിൽ പറയുന്ന മറ്റു വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2-ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതും ടി സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടു എന്നതിന്റെ തെളിവായി അപേക്ഷകനു ഫോറം 3-ൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

വക്കം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

I)സമ്പയ പ്രകാരം ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന കെട്ടിടങ്ങളിൽ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് . എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

Sl.No	Door NO	Owner Name	Owner Address
1	10/412/	JOY,JOHNY	JOY BHAVAN,JOY BHAVAN
2	11/71/	JOYMOL MONY	ASWATHY
3	13/362/	SASEENDRA BABU	PATTARA THOPPU
4	13/363/	SASEENDRA BABU	PATTARA THOPP

ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻകയറി നമ്പർ-33 /27-02-2023യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് പിഴ സഹിതം ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

I-15 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടപടികളിൽ വീഴ്ച

1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ 3(1)-ാം ചട്ടം പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല.

I)സമ്പയ സോഫ്റ്റ് വെയറിലെ കെട്ടിടങ്ങളുടെ വിവര പ്രകാരം ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന കെട്ടിടങ്ങളിൽ ട്യൂട്ടോറിയൽ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട് . എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ 2021-22 വർഷം രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

Sl.No	Door NO	Owner Name	Owner Address
1	10/275/A	MANIKANTADAS C	CHAMPAVIL VEEDU

Ii) 2021-22 വർഷത്തെ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പരിശോധിച്ചതിൽ തൻ വർഷം ഒരു സ്ഥാപനവും രജിസ്ട്രേഷൻ പുതുക്കുകയോ എടുക്കുകയോ ചെയ്തിട്ടില്ല. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകാത്തതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്,.

ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻകയറി നമ്പർ-39 /27 .02.23യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

I-16 ലേലം-അപാകങ്ങൾ

I 2021-22 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ, ലേല ഡയറികൾ അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.വിശദ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

ക്രമ നമ്പർ	ലേലം/കുട്ടേഷൻ നമ്പർ,തീയതി	ലേലം/കുട്ടേഷൻ കൊണ്ടേ വ്യക്തി	ലേലത്തുക	തുക ഒടുക്കിയ വിശദാംശങ്ങൾ	കരാറിലേർപ്പെട്ടതിന്റെ വിവരം
1	മങ്കുഴി മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവിനുള്ള അവകാശം	27.03.21, മുഹമ്മദ് ഷാഫി .സൽക്കാ മൻസിൽ .വക്കം	217000+GST	54250/-120010104932/29.03.21 ബാക്കി തുക ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ലായെങ്കിൽ ആയതിമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.	ലേലം അംഗീകരിച്ച 27.03.21ന് മുൻപുള്ള (10.02.21) കരാർ പത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്. കരാർ പൂരിപ്പിച്ചിട്ടില്ല.
2	നിലയ്ക്കാമുക്ക് മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിവിനുള്ള അവകാശം	15.03.21, അൻവർഖാൻ,മുംതാസ് മൻസിൽ.വക്കം പി ഒ	751000/-+GST**	187750/-120010105066 Dtd 31/03/2021, GSTഒടുക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ബാക്കി തുക ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ലായെങ്കിൽ ആയതിമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.	കരാറിൽ ഏർപ്പെട്ടിട്ടില്ല.

I)**1961ലെ ആദായനികുതി നിയമത്തിലെ സെക്ഷൻ 206 സി അനുസരിച്ച് കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.മേൽ പട്ടികയിൽ പറയുന്ന ലേലം കൊണ്ട വ്യക്തികളിൽ നിന്നും ലേലതുകയിൽ നിന്നും ആദായനികുതി ഈടാക്കിയതിന്റെ രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

Ii)വക്കം ഗ്രാമപഞ്ചായത്തിലെ ലേല/കുട്ടേഷൻ വ്യവസ്ഥകൾ നമ്പർ A3/987/21തീയതി 10/02/2021 ക്രമ നമ്പർ 7 പ്രകാരം ലേലത്തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും ഹാജരാക്കേണ്ടതും 200 രൂപ മുദ്രപത്രത്തിൽ സ്വന്തം ചെലവിൽ കരാർ എഴുതി നൽകേണ്ടതുമാണ്.ബാക്കി തുകയുടെ 50% തുക രണ്ട് തുല്യ ഗഡുക്കളായി 2021 മെയ് 31നകവും,2021 ആഗസ്റ്റ് 31 നകവും അടയ്ക്കേണ്ടതാണ്.തവണ തുക നിശ്ചിത തീയതിയ്ക്കകം ഒടുക്കാത്തപക്ഷം 18% പലിശയും പിഴപ്പലിശയും കൂടി അടയ്ക്കേണ്ടതുമാണ്. തുക ഒടുക്കാത്തപക്ഷം റദ്ദ് ചെയ്ത് ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതാണ് എന്നിരിക്കെ മേൽ ലേലവ്യവസ്ഥകൾ പാലിക്കാത്ത ലേലം കൊണ്ട വ്യക്തികളിൽ നിന്നും ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല. മേൽ പട്ടികയിലെ കരാറുകാരിൽ നിന്നും ഇപ്രകാരം എഗ്രിമെന്റിനോടൊപ്പം സോൾവൻസി വാങ്ങി സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 32/ 27.02.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

I-17 വാടക ഈടാക്കിയതിലെ അപാകങ്ങൾ

1.വക്കം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 13കടമുറികളാണ് വാടകയ്ക്ക് നൽകാൻ ഉപയുക്തമായിട്ടുള്ളത്.(ഓഡിറ്റ് അന്വേഷണം -03/21.02.2023 നുള്ള മറുപടി).

2.ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴപ്പുറയുന്ന സ്റ്റാളുകളിൽ/ കടമുറികളിൽ നിന്നും 2021-22വർഷത്തെ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല. സ.ഉ (സാധാ) നമ്പർ 115/2021ധന തീയതി 30/09/2021 പ്രകാരം കോവിഡ് രണ്ടാംതരംഗത്തിന്റെ കാലയളവിൽ സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ വാടക 2021 ജൂലൈ മുതൽ ഡിസംബർ വരെ യുള്ള കാലയളവിലേയ്ക്ക് ഒഴിവാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. എന്നാൽ വക്കം ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള കാലയളവിലെ വാടകയല്ല ഓഴിവാക്കി ക്കൊടുത്തിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു-

ക്രമ നം	കടമുറി നം	വാടകക്കാരന്റെ പേര്	വാടക ഒഴിവാക്കിയ കാലയളവ്	സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്ത കാലയളവ്	വാടക
	നിലയ്ക്കാമുക്ക് മാർക്കറ്റ്				
	09/430	സുധീർ .പൊയ്കവിള.പെരുംകുളം	04/21-09/21	04/21-06/21	1116+GST
	02,09/431	റഫീക്ക്.വേളിക്കകം, നിലയ്ക്കാമുക്ക്	04/21-09/21	04/21-06/21	2920+GST
	03,09/432	ജെ ബാബു.മണ്ണാമൂറി.വക്കം	06/21-11/21	06/21	2051+GST

	04,09/433	എസ് ആർ രാജു.ഊരാളിക്കവിളാകം,വക്കം	06/21-11/21	06/21	2213+GST
	05,09/434	ലേഖ .പുത്തൻവിള വീട്.നിലയ്ക്കാമുക്ക്	05/21-07/21,01/22-03/22	05/21,06/21, 01/22-03/22	764+GST
	06,09/435	സബാദ്.കാഞ്ഞിരംവിള.നിലയ്ക്കാമുക്ക്	04/21-09/22	04/22-06/22	1842+GST
	07,09/436	അശോകന്.പാണത്തഴവിളാകം.കായിക്കര	04/21-09/22	04/22-06/22	864+GST
	08,09/437	ശശാങ്കൻ.ശ്യാം നിവാസ്.വക്കം	05/21-10/21	05/21,06/21	1078+GST
	09,09/438	റിയാസ്.കുഴിവിള വീട്.ഗാന്ധിമുക്ക്.കായൽവാരം.വക്കം	04/21-09/21	04/21-06/21	562+GST
	10,09/439	വിവരം ലഭ്യമാക്കേണ്ടതാണ്			
	11,09/440	നസിർ.എ.എച്ച്.ഷാ മൻസിൽ,കായൽവാരം	04/21-09/21	04/21-06/21	5057+GST
	മാങ്കുഴി മാർക്കറ്റ്				
	02,04/188	ഷാനവാസ്.മണ്ണാമൂറി വക്കം	04/21-09/21	04/21-06/21	950+GST
	03,04/189	ഷാനവാസ്..ചായകുടി വക്കം	04/21-09/21	04/21-06/21	855+GST
	04,04/189	ഷാനവാസ്.ചായകുടി വക്കം	04/21-09/21	04/21-06/21	897+GST

സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്ത കാലയളവിലെ വാടക ഒഴിവാക്കി നൽകിയതിനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അസ്പേഷണം -03/21.02.2023 ന് രജിസ്റ്ററിൽ പോസ്റ്റിംങ് നടത്തിയതിലെ പിഴവ് സംഭവിച്ചതാണെന്നു ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത് .ആയത് പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3.വാടക നിരക്ക് അംഗീകരിച്ച ഭരണസമിതി തീരുമാനം,വാടകക്കാരുമായി ഏർപ്പെട്ട കരാർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1-18 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 ഇ വകുപ്പു പ്രകാരം സെക്രട്ടറി ഏപ്രിൽ മാസം ഓരോ ഓഫീസ് മേധാവിയോടും അല്ലെങ്കിൽ തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതാണ്. പ്രസ്തുത നടപടിക്രമം പാലിക്കുന്നതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. മേൽ വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

2.1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 18 ൽ IIIാം നമ്പർ ഫോറത്തിന്റെയും,IVാം നമ്പർ ഫോറത്തിലുള്ള അപേക്ഷയുടേയും രണ്ടു പകർപ്പ് വീതം തൊഴിലുടമയ്ക്ക് അയക്കേണ്ടതാണ്.ഡിമാന്റ് നോട്ടീസിന്റെ ഡ്യൂപ്ലിക്കേറ്റ് കൈപ്പറ്റിയതിന്റെ തെളിവ് സഹിതം തൊഴിലുടമ/ഓഫീസ് തലവൻ തിരികെ സമർപ്പിക്കേണ്ടതാണ് .

പഞ്ചായത്ത് രാജ് നിയമത്തിലെയും ചട്ടങ്ങളിലെയും നടപടിക്രമങ്ങൾ വീഴ്ച കൂടാതെ പാലിക്കേണ്ടതാണ്.

3. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 ഐ വകുപ്പു പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ടുള്ള ഡിമാന്റ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ഇതിൻപ്രകാരമുള്ള ഡിമാന്റ് രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല.

4. കേരള പഞ്ചായത്ത്. രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, 1996 ചട്ടം 18 (ചുമത്താവുന്ന നികുതി ഡിമാന്റ് ചെയ്യൽ) (4) ഓരോ അർദ്ധ വർഷത്തിന്റെ അവസാനവും, ആഫീസ് തലവനോ, തൊഴിലുടമയോ വച്ചു പോരുന്ന രജിസ്റ്ററിന്റെ സംഖ്യകളും മറ്റ് വിവരങ്ങളും പഞ്ചായത്തിൽ സൂക്ഷിക്കുന്ന തത്തുല്യ രജിസ്റ്ററുമായി ഒത്തുനോക്കി കൃത്യത സെക്രട്ടറി ഉറപ്പു വരുത്തേണ്ടതും ഒരു പരിശോധന സർട്ടിഫിക്കറ്റ് രജിസ്റ്ററിലെ അവസാനത്തെ ഉൾക്കുറിപ്പിനുശേഷം എഴുതി തീയതി വെച്ച് ഒപ്പിട്ട് നൽകേണ്ടതുമാണ്.

ഇപ്രകാരം 2021-22 സാമ്പത്തിക വർഷം ഇരു അർദ്ധവർഷങ്ങളിലും പരിശോധന നടത്തിയിട്ടില്ല.

5. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന്

എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

I) മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപഞ്ചായത്തുപരിധിയിലെ ഡോക്ടർമാർ, അഭിഭാഷകർ,എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

Ii) ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് കരാർ ജോലികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത കരാറുകാരുടെ പേര്, മേൽവിലാസം എന്നിവയും ലഭ്യമാക്കേണ്ടതാണ്.

6)ട്രേഡേഴ്സ് ലിസ്റ്റ്,ലൈസൻസ് രജിസ്റ്റർ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

I) 21-22സാമ്പത്തിക വർഷം പഞ്ചായത്തു പരിധിയിൽ പ്രവർത്തിച്ച താഴെ പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , വകുപ്പ് 204 പ്രകാരമുള്ള സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു-

ക്രമ നമ്പർ	സ്ഥാപനം	അർദ്ധവർഷം
1	KSEB,വക്കം	I, III
2	Supplyco,മാവേലി സ്റ്റോർ,വക്കം	I,II
3	ഫെഡറൽ ബാങ്ക്,വക്കം	I,II
4	S.J ഫിനാൻസ്,വക്കം	I,II

Iii)താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനം	അർദ്ധവർഷം
1	ഗവ.എൽ.പി.ജി.എസ്,വക്കം	ഒന്നാം അർദ്ധവർഷത്തെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.നികുതി ഒടുക്കിയതിന്റെ രസീത് നം തീയതി ലഭ്യമാക്കിയിട്ടില്ല ഒന്നും രണ്ടും അർദ്ധവർഷത്തെ നികുതി ഒടുക്കിയതിന്റെ രസീത് നം തീയതി Day Book ൽ പരിശോധിച്ചതിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.
2	റൂറൽ ഹെൽത്ത് സെന്റർ,വക്കം	ഒന്നാം അർദ്ധവർഷത്തെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.നികുതി ഒടുക്കിയതിന്റെ രസീത് നം തീയതി ലഭ്യമാക്കിയിട്ടില്ല.
3	P.H.C മുദാക്കൽ	ഒന്നാംഅർദ്ധവർഷത്തെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.നികുതി ഒടുക്കിയതിന്റെ രസീത് നം തീയതി ലഭ്യമാക്കിയിട്ടില്ല.
4	C.H.C വക്കം റൂറൽ ഹെൽത്ത് സെന്റർ	ഒന്നാം അർദ്ധവർഷത്തെ സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.നികുതി ഒടുക്കിയതിന്റെ രസീത് നം തീയതി ലഭ്യമാക്കിയിട്ടില്ല.

07.പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

I)സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

ക്രമ നം	കെട്ടിടനമ്പർ	സ്ഥാപനത്തിന്റെ പേര്.ഉപയോഗക്രമം
1	11/118	Gurumandiramവിദ്യാഭ്യാസാവശ്യം
2	4/28	SNDP Hall,Assembly Hall
3	4/63	Nadesh Building,Assembly Hall
4	3/31	LITTLE FLOWER SCHOOL,വിദ്യാഭ്യാസാവശ്യം
5	8/323/B	JAMSHID,JASNIM,JASBEER, JASNIM BUILDING,വിദ്യാഭ്യാസാവശ്യം
6	11/24/	KUNJAMMA .വിദ്യാഭ്യാസാവശ്യം
7	2/21/A	MOHANACHANDRAN,REVATHY(KOCHU PUTHUVAL VEEDU)റിസോർട്ടുകൾ

8	2/22/A	GOLDA REJESH,HOTEL VAKKOM PALAZZO, റിസോർട്ടുകൾ

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -37 /27.02.23ന് 100% നികുതി ഈടാക്കിയിട്ടുള്ളതാണെന്നും,റിട്ടേൺ ഫോറം പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയത്.പ്രസ്തുത മറുപടിയെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

I-19 വസ്തുനികുതി -അപാകങ്ങൾ

I കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് നടത്തിയില്ല

1) സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർത്തിരിക്കുന്ന വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല.

ക്രമ നം	വാർഡ്/ കെട്ടിട.നം	ഉടമയുടെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം	വിസ്തീർണ്ണം
1	1/102	സംഗീത്(ഹരിനന്ദനം) സരിത(ഹരിനന്ദനം)	പാർപ്പിടാവശ്യം	താഴത്തെ നില (79.5 ച മീ)
2	1/122	സിന്ധു(അഭയ)	പാർപ്പിടാവശ്യം	താഴത്തെ നില (74 ച മീ)
3	1/125	ഷിബു(പുത്രാന്റ വിള)	പാർപ്പിടാവശ്യം	താഴത്തെ നില (64 ച മീ)
4	1/127	സന്ധ്യ(കാളിക്കുട്ടിവിളാകം)	പാർപ്പിടാവശ്യം	താഴത്തെ നില (64 ച മീ)
5	1/143	ഭാർഗ്ഗവൻ(കല്ലുക്കാരുവിള)	പാർപ്പിടാവശ്യം	താഴത്തെ നില (69 ച മീ)
6	1/160	അബ്ദുൾ ഗഫൂർ(തൊടുപ്പ് വിള)	പാർപ്പിടാവശ്യം	താഴത്തെ നില (79 ച മീ)
7	1/175	ഷംനാദ്(തൊട്ടിയിൽ)	പാർപ്പിടാവശ്യം	താഴത്തെ നില (68 ച മീ)
8	1/205	സലിം(ഒറ്റുവിളാകം)	പാർപ്പിടാവശ്യം	താഴത്തെ നില (69 ച മീ)
9	1/206	നിസ്സാം നബീം(ഒറ്റുവിളാകം)	പാർപ്പിടാവശ്യം	താഴത്തെ നില (69 ച മീ)
10	1/210	അഷ്റഫ്(ഒറ്റുവിളാകം)	പാർപ്പിടാവശ്യം	താഴത്തെ നില (96 ച മീ) ഒന്നാം നില (74)
11	1/211	റസിന.എം.(തൊടിയിൽവീട്)	പാർപ്പിടാവശ്യം	താഴത്തെ നില (69 ച മീ)
12	1/233	ആരിഫ.(അറവീട്)	പാർപ്പിടാവശ്യം	താഴത്തെ നില (76 ച മീ)
13	1/235	ഷാജഹാൻ(അറവീട്)	പാർപ്പിടാവശ്യം	താഴത്തെ നില(62 ച മീ)
14	1/246	നവാസ്(വലിയപള്ളി)	പാർപ്പിടാവശ്യം	താഴത്തെ നില(64 ച മീ)
15	1/249	അബ്ദുൾ മജീദ്(പള്ളി തെക്കിത്)	പാർപ്പിടാവശ്യം	താഴത്തെ നില(64 ച മീ)
16	1/300	മാലതി(കൊണ്ടവിളാകം)	പാർപ്പിടാവശ്യം	താഴത്തെ നില(68 ച മീ)
17	1/371	അബ്ദുൾ റഹിം(നിസാർ മൻസിൽ)	പാർപ്പിടാവശ്യം	താഴത്തെ നില(86 ച മീ)
18	1/428	സത്യൻ സരസിമ്മ(കണ്ണിക്കഴികം)	പാർപ്പിടാവശ്യം	താഴത്തെ നില(64 ച മീ)
19	1/432	സുഗുണൻ വിജയമ്മ(രേവതി)	പാർപ്പിടാവശ്യം	താഴത്തെ നില(86 ച മീ)
20	1/438	സുമതി(തെക്കെവിള)	പാർപ്പിടാവശ്യം	താഴത്തെ നില(69.5 ച മീ)
21	1/454	പങ്കജാക്ഷി(മണക്കാട്ടിൽതാഴെ)	പാർപ്പിടാവശ്യം	താഴത്തെ നില(69.5 ച മീ)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/2021-22/25.2.2023 ന് സ്ഥലപരിശോധന നടത്തി നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയത് പൂർണ്ണമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) കെട്ടിടനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല.

GO No. 144/2015 പ്രകാരം 600 Sqft നു താഴെ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളെയും നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ GO No. 358/2015 പ്രകാരം സത്യവാങ്ങ്മൂലം സമർപ്പിച്ചിട്ടുള്ള കെട്ടിടങ്ങളെ മാത്രമാണ് നികുതിയിൽ നിന്നും ഒഴിവാക്കേണ്ടത്. എന്നാൽ ചില കെട്ടിടങ്ങൾ സത്യവാങ്ങ്മൂലം നൽകാതെ തന്നെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

Sl No	New Ward No	New Door No	New Sub No	Owner Details	Plinth Area
1	1	67	B	നസീർ.എ.(കുരുപ്പന്റ പണ,വക്കം),ഷിജി.എം.(കുരുപ്പന്റ പണ,വക്കം)	26.84
2	8	32	I	ബഷീർ റഹീയാനത്ത്(ബിസ്മില്ലാമൻസിൽ,കായൽവാരം, ഗാന്ധിമുക്ക്,വക്കം പി ഒ)	55.51
3	10	348		നീന(കുറ്റിപ്പാങ്ങ് വിള ,നിലയ്ക്കാമുക്ക്,വക്കം,വക്കം പി ഒ)	54
4	12	58	A	സജി.റ്റി(അമേയ,വെളിയിൽ വീട്,വക്കം),ശാലിനി.എം(അമേയ,വെളിയിൽ വീട്,വക്കം,)	39.97

II വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 1,2,6,7 എന്നീ വാർഡുകൾ പരിശോധിച്ചതിൽ മേൽ നടപടി ക്രമം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയതായി കാണുന്നു.

ക്രമ നമ്പർ	വാർഡ്/ കെട്ടിട നമ്പർ	പേര് , വിലാസം
1	1/403	മോഹൻദാസ്(മൂപ്പക്കുടി,വക്കം)
2	2/169	ലളിത(മണക്കാട്,വക്കം)
3	6/174	മിനി(ദേവികൃപ,വക്കം)
4	6/300	പ്രസാദ്(പൂന്നവിള,വക്കം)
5	6/447	കെ.രാമചന്ദ്രൻ,ബിന(ഭരണി,വക്കം)
6	6/403	മോഹൻദാസ്(മൂപ്പക്കുടി,വക്കം)
7	7/274	വസുമതി(കൈലാസം,കിഴങ്ങുവിള)
8	7/277 A	സാവിത്രി(വിനായക,പാണന്റെ മുക്ക്,വക്കം)
9	7/354	അബ്ദുൾ റഷീദ്(പ്ലാവിള,പുത്തൻവീട്,വക്കം)

III സഞ്ചയ പൊളിച്ചുനീക്കിയ കെട്ടിടം നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

അപേക്ഷ തീയതി	കെട്ടിട നം	ഉടമയുടെ പേര്	ഉപയോഗക്രമം	വിസ്തീർണം	ഒഴിവാക്കിയ കാലയളവ്	ഒഴിവാക്കിയ നികുതി
19.04.2021	4/534	ലക്ഷ്മിക്കുട്ടി	പാർപ്പിടാവശ്യം	8	2021 First Half	114
11.01.2022	5/320	ടിപ.ഡി	പാർപ്പിടാവശ്യം	90.94	2017 First Half മുതൽ	304

മേൽ കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ ഡിമോളിഷ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 3രേഖപ്പെടുത്തൽ മാത്രമേ വരുത്തിയിട്ടുള്ളൂ. എന്നാൽ സഞ്ചയയിൽ പരിശോധിച്ചതിൽ ഡിമോളിഷ് ചെയ്യാനായി അപേക്ഷിച്ച കെട്ടിടങ്ങളുടെ എണ്ണം വളരെക്കൂടുതലാണ്.

IV റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തി

സാംഖ്യ ക്യാൻസൽഡ് റസിപ്റ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

Sl No	Ward No	Door No	Owner Details	Receipt No	Receipt Date	Amount
1	14	270	രഹാലത്ത്	1210100098	13/09/2021	123
2	6	198	സത്യദേവൻ	1210100100	13/109/2021	69
3	9	431	ശോഭന മോഹനൻ	1210100101	13/09/2021	137
4	6	428	ഗോപി.ആർ	1210100108	13/09/2021	1021
5	11	408 A	അനിൽദത്ത്	1210100253	13/09/2021	1877
6	1	114	അനീഷ്	1210100254	04/10/2021	151
7	3	186	എൻ സുരേഷ്	12010100255	04/10/2021	410
8	4	586	ജിജോ.എസ്	1210100256	04/10/2021	82
9	4	520	ഡെപ്യൂട്ടി ജനറൽ മാനേജർ(ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്)	1210100258	04/102021	10080
10	7	29 A	ഡെപ്യൂട്ടി ജനറൽ മാനേജർ(ഇൻഡഡസ് ടവേഴ്സ് ലിമിറ്റഡ്)	1210100259	04/10/2021	11731
11	14	348 C	ബിജിന.എസ്	1210102275	04/10/2021	372

12	14	319	താരാസിംഗ്	1210102276	04/10/21	723

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറി നം 19/2021-22/25.2.2023 ന് മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 റിസോർട്ടുകളുടെ വസ്തുനികുതി-സഞ്ചയയിലെ വിവരങ്ങളിൽ അവ്യക്തത- രേഖകൾ ലഭ്യമാക്കേണ്ടതാണ്.

സഞ്ചയപ്രകാരം റിസോർട്ടുകൾ എന്ന ഉപയോഗക്രമത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 02 കെട്ടിടങ്ങളുണ്ട് .ആയത് ചുവടെ ചേർക്കുന്നു-

ക്രമ നം	കെട്ടിട നമ്പർ	ഉടമയുടെ പേര്	സ്ഥാപനം
1	2/21/A	MOHANACHANDRAN,SARALA MOHANACHANDRAN,RAMESH BABU,DEVIKA MOHANACHANDRAN	,REVATHY(KOCHU PUTHUVAL VEEDU)
2	2/22/A	GOLDA REJESH	EDAVILA HOUSE,HOTEL VAKKOM PALAZZO

I.ക്രമ നമ്പർ 1 കെട്ടിടത്തിന്റെ കെട്ടിട നികുതി സഞ്ചയ പ്രകാരം 2019 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിൽ Bank Sealed Property From 16.03.2019 എന്ന കാരണം രേഖപ്പെടുത്തി 160252/- (80126+80126) രൂപ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഫയലുകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

Ii.ക്രമ നം 02 ലെ കെട്ടിടം സഞ്ചയ പ്രകാരം 2013 I Half ൽ Demolish ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2013 ൽ Demolish ചെയ്ത പ്രസ്തുത കെട്ടിടത്തിന് സഞ്ചയയിൽ 2018 II Half വരെ വസ്തുനികുതി, 2243544/- രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട് . പ്രസ്തുത തുകയുടെ കളക്ഷൻ വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല. ആയത് വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകൃയറിക്ക് 2013 ൽ സഞ്ചയസോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി വരുത്തിയിരുന്നുവെങ്കിലും നടപടി പൂർത്തിയാത്തിയത് 2018 ലാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

Iii.കെട്ടിടം Demolish ചെയ്തതുമായി ബന്ധപ്പെട്ട് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള A3/4614/2014 നം ഫയൽപരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകൃയറി നം - 38/ 27 .02.23ന് ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും പ്രസ്തുത ഫയൽ കണ്ടെത്തുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് അടിയന്തിരമായി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

1-21 വസ്തു നികുതി നിർണയത്തിലെ അപാകങ്ങൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന വിവിധ ഉപയോഗക്രമങ്ങളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കാതെ നിലനിൽക്കുന്നു.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു-

1.ഇതര വ്യവസായങ്ങൾക്ക്ആവശ്യത്തിനുള്ളവ

ക്രമ നം	കെട്ടിട നമ്പർ	ഉടമയുടെ പേര്	കുടിശ്ശിക കാലയളവ്	തുക
1	11/7/	MANAGING DIRECTOR VAKKOM FARMERS CO.OPERATIVE SOCIETY	2022 I-II	20090
2	11/424/	MANAGING DIRECTOR FARMERS SERVICE CO OPERATIVE BANK	2018 II 2019 I	358
3	12/442/B	USHA DEVI,JASMINE THEKKEVILA,THEKKEVILA	2013 I-2022 II	700
4	13/64/	THAMPI PULIVILAKATHU THODI	2012I-19II	4035
5	13/418/	N . VIJAYAN VAARUVILAKOM	2012I-18II	6816

2.ഓഫീസ് ആവശ്യത്തിനുള്ളവ 1.ഓഫീസ് (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ)

ക്രമ നം	കെട്ടിട നമ്പർ	ഉടമയുടെ പേര്	കുടിശ്ശിക കാലയളവ്	തുക
1	4/589/A	G.Babu Ashtapathy,T.C.No.28/2654	2022 I-II	14301
2	6/379/A	Sreekumar.S Veena Vihar	2022 I-II	1921
3	7/30/A	SALEENA.M VADAKKE BUNGLOW	2022 I-II	11465
4	11/406/	MANAGING DIRECTOR VAKKOM FARMERS BANK	2022 I-II	1386
5	11/407/	MANAGING DIRECTOR FARMERS SERVICE CO OPERATIVE	2022 I-II	15273

3.കല്യാണ മണ്ഡപങ്ങൾ,ആഡിറ്റോറിയം

ക്രമ നം	കെട്ടിട നമ്പർ	ഉടമയുടെ പേര്	കുടിശ്ശിക കാലയളവ്	തുക
1	3/134/	PRESIDENT KANNAMANGALAM KSHETHRAM	2022 I-II	11319
2	4/26/	RAJENDRAN/ SUGANDHI ,R S NIVAS, THOTTAVARAM	2022-II	2210
3	4/28	SECRETARY S.N.D.P.HALL	2013I-2022 II	123468

4.സഞ്ചയ പ്രകാരം സ്വകാര്യ ഹോസ്റ്റൽ ,ഹോംസ്റ്റേ എന്ന ഉപയോഗക്രമത്തിലുള്ള ചുവടെ ചേർക്കുന്ന കെട്ടിടത്തിന്റെ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.കാരണം ലഭ്യമാക്കേണ്ടതാണ്.

ക്രമ നം	കെട്ടിടത്തിന്റെ ഐഡി	കെട്ടിട നമ്പർ	ഉടമയുടെ പേര്
1	50242010010196	13/131/	Sadasivan ,S.N.Mandiram

V.2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറി നമ്പർ - 47/28.02.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-22 പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ

പ്രോജക്ട് നമ്പർ	S0106/2021-22
പ്രോജക്ടിന്റെ പേര്	പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ
അടങ്കൽ	893500 (C FC)
ചെലവ്	818686
ബിൽ നമ്പർ, തുക ,തീയതി	1. 86/08.11.2021 - 446556 2. 273/21.03.2022 - 372130
നിർവ്വഹണം	സെക്രട്ടറി

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2021 -2022 വർഷം പ്രതിമാസം 74426/- രൂപ നിരക്കിൽ കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 162 ആണ് ടാപ്പുകളുടെ എണ്ണം. സ്ട്രീറ്റ് ടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്നതും വ്യക്തമല്ല.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ സാമ്പത്തിക വർഷാരംഭത്തിൽ 15.04.2021 ലെ കേരള വാട്ടർ അതോറിറ്റിയുടെ 51184 ാം നമ്പർ ബിൽ പ്രകാരം 398214/- രൂപ കുടിശ്ശിക ഇനത്തിലും 7756/- രൂപ പിഴയിനത്തിലും ഉള്ളതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ സാമ്പത്തിക വർഷാരംഭത്തിൽ ലഭിച്ച 17.03.2022 ലെ 61733 ാം നമ്പർ ബിൽ പ്രകാരം 1306798/- കുടിശ്ശിക ഇനത്തിലും 25661/- രൂപ പിഴയിനത്തിലും ഒടുക്കുവാൻ അവശേഷിക്കുന്നതായും കാണുന്നു. തൻ വർഷം 818686/- രൂപ ഒടുക്കിയിട്ടും കുടിശ്ശിക തുക വർദ്ധിച്ചതിന്റെ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി (നം 44/2021-22, 28.02.2023) ക്ക് നൽകിയ മറുപടിയിൽ കോവിഡ് കാലഘട്ടത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ട് വകയിരുത്തേണ്ടി വന്നതിനാൽ യഥാസമയം പൊതു ടാപ്പുകളുടെ കുടിവെള്ളക്കരം ഒടുക്കാൻ കഴിയാതിരുന്നത് കൊണ്ടാണ് കുടിശ്ശികയിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുള്ളത് എന്നും മുൻ കുടിശ്ശികയുടെ പിഴയിനത്തിലുള്ള തുകയാണ് ഇനിയും ഒടുക്കാൻ അവശേഷിക്കുന്നത് എന്നും അറിയിച്ചു. എന്നാൽ സാമ്പത്തിക വർഷാരംഭത്തിലെ ബില്ല് പ്രകാരം മൂന്നിരിപ്പ് 398214/- മാത്രമാണ് കുടിശ്ശിക. തൻവർഷം തുക സമയബന്ധിതമായി ഒടുക്കിയിട്ടുമുണ്ട് ഈ സാഹചര്യത്തിൽ കുടിശ്ശിക തുക സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്തമായി പരിശോധന നടത്തേണ്ടതും പ്രവർത്തനക്ഷമമായ ടാപ്പുകളുടെ മാത്രം തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-23 വൗച്ചർ പരിപാലനം- അപാകതകൾ

തൻവർഷത്തെ വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. വൗച്ചർ നം. 22100072/5.5.2021 പ്രകാരം 29514 രൂപ ഡി.സി.സിയിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി വിനിയോഗിച്ചിട്ടുണ്ട്. ആയതിൽ ബി.പി. അപ്പാരറ്റസ്-ഇലക്ട്രോമോണിറ്റർ-2 എണ്ണം 2794 രൂപയ്ക്കും തെർമോമീറ്റർ ഇൻഫ്രാറെഡ് രണ്ട് എണ്ണം 2009 രൂപയ്ക്കും നെബുലൈസർ അഞ്ച് എണ്ണം 2905 രൂപയ്ക്കും വാങ്ങിയിട്ടുണ്ട്. അവ സ്റ്റോക്കിലെടുത്ത് കൈമാറിയതിന്റെ വിശദാംശം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

2. വൗച്ചർ നം.22100058/22.4.2021 പ്രകാരം 20000 രൂപ വിവിധ സ്ഥലങ്ങളിലും ടേക്ക് എ ബ്രേക്ക് പദ്ധതി സ്ഥലത്തും തടസ്സമായി നിന്ന മരങ്ങൾ മുറിച്ചു മാറ്റിയതിന് നൽകിയിട്ടുണ്ട്. മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്തു നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. വൗച്ചർ നം. 22100077/10.5.21 പ്രകാരം കൺസ്യൂമർ നം.6010886 മുതൽ 9013142 വരെയുള്ള വഴിവിളക്കുകളുടെ ഏപ്രിൽ മാസത്തെ വൈദ്യുതി ബിൽ തുക നൽകുന്നതിന് 38900 രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബിയുടെ DB/Streetlight/Vakkam/May/2021/4.5.21--ാം നം കത്ത് പ്രകാരം 21127/- രൂപയാണ് മേൽ പരാമർശിച്ചിട്ടുള്ള വഴിവിളക്കുകളുടെ വൈദ്യുതിബിൽ ഇനത്തിൽ നൽകേണ്ടത്. കെ.എസ്.ഇ.ബി 21127/- രൂപ മാത്രം അടയ്ക്കാൻ നിർദ്ദേശിച്ചിരിക്കെ 38900/- രൂപ അടച്ചതിന്റെ കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻകൃയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

4. വൗച്ചർ നം.22100094/10.5.21 പ്രകാരം In House Drug Bank ൽ നിന്ന് 19175/- രൂപ ചെലവഴിച്ച് തെർമോമീറ്റർ-ഇൻഫ്രാറെഡ്(രണ്ട് എണ്ണം) 1815 രൂപയ്ക്കും പൾസ് ഓക്സിമീറ്റർ 12 എണ്ണം 9080 രൂപയ്ക്കും വാങ്ങിയിട്ടുണ്ട്. അവയുടെ നിലവിലെ ഉപയോഗക്രമം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അവയുടെ നിലവിലെ ഉപയോഗക്രമം വ്യക്തമാക്കേണ്ടതാണ്.

5. വൗച്ചർ നം. 22100195/18.5.2021 പ്രകാരം നിലയ്ക്കാമുക്ക് യു.പി.സ്കൂളിൽ ആഡിറ്റോറിയം നിർമ്മിക്കുന്നതിന് പൊളിഞ്ഞ പൈപ്പുകൾ മാറ്റി റീപ്ലംബിംഗ് ചെയ്ത വകയിൽ 19885/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ എ.ഇയുടെ വാല്യുവേഷൻ റിപ്പോർട്ട് വൗച്ചറിനോടൊപ്പം ലഭ്യമല്ല.

6. വൗച്ചർ നം. 22100309/17.8.2021 പ്രകാരം നിലാവ് പദ്ധതിയുടെ ഭാഗമായി വിവിധ പോസ്റ്റുകളിൽ നിന്നും കെ.എസ്.ഇ.ബി മുഖേന ഇളക്കി മാറ്റിയ LED ബൾബുകൾ, ട്യൂബ്, ക്ലാമ്പ് എന്നിവ ബഡ്സ് സ്കൂളിൽ കൊണ്ട് പോയി ഇറക്കിയ വണ്ടി ചാർജ്ജും കൂലിയും ഇനത്തിൽ 2500 രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബിയുടെ DB/Nilavu/Vakkam/21-22/114/16.8.2021 പ്രകാരം

ഇനം	എണ്ണം
ട്യൂബ്സെറ്റ്	133
LED Bulb	167
LED Set	78
CFL Box	87
Clamp	320

എന്നിവയാണ് പോസ്റ്റുകളിൽ നിന്നും ഇല്ലെക്കി മാറ്റിയത്. അതിൽ ഉപയോഗക്ഷമമായ ഉപകരണങ്ങൾ ലിസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ/ഉപയോഗിച്ചിട്ടുണ്ടെങ്കിൽ /ലേലം ചെയ്തു നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്. (ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

7. വൗച്ചർ നം.22100093/23.11.2021 പ്രകാരം 3500 രൂപ ഡി.സി.സി ആയി പ്രവർത്തിച്ചിരുന്ന സ്ക്കൂളിൽ നിന്ന് സ്ക്കൂൾ തുറക്കുന്നതിനോടനുബന്ധിച്ച് സാധനങ്ങൾ ബഡ്സ് സ്ക്കൂളിലേയ്ക്ക് നീക്കം ചെയ്തതിന് നൽകിയിട്ടുണ്ട്. DCCയിൽ നിന്ന് ഏതെല്ലാം സാധനങ്ങളാണ് ബഡ്സ് സ്ക്കൂളിലേയ്ക്ക് നീക്കം ചെയ്തതെന്ന് വ്യക്തമല്ല അവയുടെ നിലവിലെ ഉപയോഗക്രമം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

8. വൗച്ചർ നം. 22100137/1.6.2021 പ്രകാരം 174220/- രൂപയും വൗച്ചർ നം. 22100155/16.6.2021 പ്രകാരം 115295/- രൂപയും വൗച്ചർ നം. 22100164/30.6.2021 പ്രകാരം 43970/- രൂപയും CFLTCയിലേയ്ക്ക് ഭക്ഷണം വിതരണം ചെയ്ത ഇനത്തിൽ ജനനി കാറ്ററിംഗ് യൂണിറ്റിന് നൽകിയിട്ടുണ്ട്. CFLTC പ്രവർത്തനക്ഷമമായ കാലയളവ് വ്യക്തമല്ല. ഡി.സിസിയും CFLTC യും പഞ്ചായത്തിൽ ഒരേ സമയം പ്രവർത്തിച്ചിരുന്നുവോയെന്ന് വ്യക്തമല്ല. മേൽ കാലയളവിൽ ഭക്ഷണം വിതരണം ചെയ്തതിന് കാറ്ററിംഗ് യൂണിറ്റിന് തുക കൈമാറിയതിന് അടിസ്ഥാനമാക്കിയ രേഖകൾ(പ്രസ്തുത കാലയളവിൽ CFLTCയിൽ ഉണ്ടായിരുന്ന കോവിഡ് രോഗികളുടെ എണ്ണം) ലഭ്യമാക്കേണ്ടതാണ്.(ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 43 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)
9.
ILGMS മുഖേന പേമെന്റ് വൗച്ചറുകൾ പരിശോധിച്ചതിൽ പേമെന്റ് ഓർഡർ ലഭ്യമാകുന്നതിനുമുൻപു തന്നെ ചെക്ക് മുഖേന തുകകൾ പിൻവലിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വൌച്ചർ നം. തീയതി	ഇനം	തുക	ചെക്ക് നം. തീയതി
22100165/1.2.2022	സെക്രട്ടറിയുടെ ടെലഫോൺ ചാർജ്ജിനത്തിലെ തുക	246	533157/17.01.2022
22100158/31.1.2022	MNREGS ജീവനക്കാരുടെ വേതനം	81040	533154/4.1.2022
22100161/31.01.2022	അംഗൻവാടിയുടെ വെള്ളക്കരം	424	533154/4.1.22

പേമെന്റ് ഓർഡർ ലഭ്യമാകുന്നതിനു മുൻപുതന്നെ ചെലവ് ചെയ്യാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
10.വൗച്ചർ നം. 22100208/13.7.2021 പ്രകാരം മഴക്കാലപൂർവ്വശുചികരണത്തിനായി 14 വാർഡുകളിലേയ്ക്കായി മെഡിക്കൽ ഓഫീസർക്ക് 140000/- രൂപ നൽകിയിട്ടുണ്ട്. അതിൽ മൂന്നാം വാർഡിനായി അനുവദിച്ച 10000 രൂപയുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ പറഞ്ഞ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-24 വീട് വാസ യോഗ്യമാക്കൽ -എസ്.സി.പി പദ്ധതി -അപാകതകൾ

പ്രൊജക്റ്റിന്റെ പേര്	വീട് വാസയോഗ്യമാക്കൽ - പട്ടികജാതി
പ്രൊജക്റ്റ് നം.	S0040/22
നിർവ്വഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(VEO)
വികസനഫണ്ട്(എസ്.സി.പി)	21,00,000
ആകെ അടങ്കൽ തുക	21,00,000
ചെലവ് തുക(ബിൽ നം.,തീയതി) 113/7-12-2021,121/21,12.2021,128/29.12.2021,141/05.01.2022,147/06.01.2022,152/11.01.2022,162/18.01.2022,164/25.01.2022,179/08.02.2022,207/16.02.2022,209/21.02.2022,215/28.02.2022,219/03.03.2022,235/10.03.2022,240/11.03.2022,242/14.03.2022,271/21.03.2022,302/30.03.2022)	17,50,000

ഫയലുകൾ പരിശോധിച്ചതിൽ ഗുണഭോക്താവായ ശ്രീമതി.നിഷാകുമാരി.തെക്കുംഭാഗം എഗ്രിമെന്റിൽ ഏർപ്പെട്ട് പദ്ധതി നിർവ്വഹണത്തിനായി 207/16.02.2022 ബിൽ നം. പ്രകാരം 50,000 രൂപ അഡ്വാൻസ് കൈപ്പറ്റിയിട്ടുണ്ട്.എന്നാൽ ടിയാരി .വീട് പുനരുദ്ധാരണം നടത്തുന്നതിന് പകരം പുതിയ രണ്ടു മുറികൾ നിർമ്മിച്ചിട്ടുള്ളതിനാൽ ആനുകൂല്യത്തിന് അർഹയല്ലെന്നും അനുവദിച്ച 50,000 രൂപ തിരികെ നല്കണമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ 05.07.2022 തീയതിയിൽ VEO/VAKKOM GP/02/2022 നമ്പർ കത്തിലൂടെ ഗുണഭോക്താവിനെ അറിയിച്ചിട്ടുണ്ട്. അയതിന്റെ തുടർനടപടി വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 6 ന് സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശം ലംഘിച്ചുകൊണ്ട് പുനരുദ്ധാരണപ്രവൃത്തികൾക്ക് പകരം രണ്ട് മുറികൾ ഇറക്കിയതിനാൽ ടി വിവരം പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മിറ്റി , നിയമനടപടികൾക്ക് മുൻപ് തുക തിരികെ അടയ്ക്കുന്നതിന് ടിയാന് ഒരവസരം നൽകണമെന്നും അല്ലാത്തപക്ഷം റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നാളിതുവരെ തുക അടവാക്കാത്തതിനാൽ റവന്യൂറിക്കവറി നടപടികൾക്കായി ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-25 ദുരിതാശ്വാസ ഫണ്ട് -രേഖകൾ ലഭ്യമാക്കിയില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

സ.ഉ (സാധാ) നം. 929/21/തസ്വഭവ തീയതി 29.4.21 പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ദുരിതാശ്വാസത്തിനായി ധാരാളം തുക സംഭാവനയായി ലഭിക്കുന്ന സാഹചര്യത്തിൽ ഏതെങ്കിലും ദേശസാത്കൃത ബാങ്കിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അക്കൌണ്ട് ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

14.5.2021 അജണ്ട 1 തീരുമാന നമ്പർ :- 3 പ്രകാരംപക്കം പഞ്ചായത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന ഫണ്ട് സ്വരൂപിക്കുന്നതിനും ചെലവഴിക്കുന്നതിനുമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വക്കം ബ്രാഞ്ചിൽ പഞ്ചായത്ത് സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ സംയുക്തമായി ഒരു അക്കൌണ്ട് ആരംഭിച്ച വിവരം ,വിവിധ മേഖലകളിൽ നിന്നും ധനശേഖരണം നടത്തുന്നതിന്റെ ഭാഗമായി , പത്ര-ദൃശ്യ-ശ്രവണ-സോഷ്യൽ മീഡിയ വഴി പ്രചാരണം നല്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

വാർഷികധനകാര്യപത്രിക B2 ഷെഡ്യൂൾ പ്രകാരം DCB Distress Relief Fund ഇനത്തിൽ 65392/- രൂപ നിക്കിയിരിപ്പുണ്ട്. എന്നാൽ B17 Schedule പ്രകാരം ഈയിനത്തിലെ നിക്കിയിരിപ്പ് 4082/- രൂപയാണ്. RP 40a പ്രകാരം DCB Distress Relief Farmers Co-Operative Society ൽ 24640 രൂപ മുന്നിരിപ്പ് ഉണ്ടായിരുന്നു. RP30 പ്രകാരം Donations Related To Pandemic Epidemic Control ഇനത്തിൽ 148390 രൂപ വരവും RP- 14 പ്രകാരം Expenses Related To Pandemic / Epidemic Control ഇനത്തിൽ 529032 രൂപ ചെലവുമുണ്ട്. RP(40b) പ്രകാരം Disaster Management നായുള്ള STO കടയ്ക്കാവൂർ അക്കൗണ്ടിലെ നിക്കിയിരിപ്പ് പൂജ്യമാണ്. മേൽ പരാമർശിച്ചിട്ടുള്ള DCB Distress Relief Fund, STO Kadakkavur എന്നിവയുടെ വരവ്, ചെലവ് ,നിക്കിയിരിപ്പ് തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 24 ന് മറുപടി ലഭ്യമാക്കിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-26 മാർഗ്ഗരേഖ പാലിയ്ക്കാതെ സബ്സിഡി നൽകി

1. വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി

പ്രോജക്ട് നം.	114
പേര്	വീട്ടുവിളപ്പിൽ കുളത്തിലെ മത്സ്യകൃഷി
അടങ്കൽ	വികസനഫണ്ട് 76320 മറ്റുള്ളവ 292680
ചെലവ് തുക	ബിൽ നം. 257/17.3.2022-12520
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

സ.ഉ(സാധാ) നം. 1009/2020/L.S.G.D Dated 29.05.2020 ഖണ്ഡിക 4.2.പ്രകാരം വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷിയ്ക്ക് മാർഗ്ഗരേഖ നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് പരമാവധി 123000/- വരുന്ന യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണസ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണെന്നുമാണ് ഖണ്ഡിക 4.2.2 ൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പിലാക്കിയതിൽ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ദീപുമോഹൻ എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയതിൽ യൂണിറ്റ് ചെലവിന്റെ 40%സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണസ്ഥാപനം വഹിച്ചാൽ മതി എന്ന നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ

ഇനം	ഇൻവോയിസ് നം. തീയതി	ബിൽ പ്രകാരമുള്ള തുക	സബ്സിഡി ഇനത്തിൽ അനുവദിക്കേണ്ട തുക(40%)	അനുവദിച്ച തുക	തദ്ദേശഭരണസ്ഥാപനം വഹിക്കേണ്ട തുക(സബ്സിഡി തുകയുടെ 2/3)
FTH 550GSM PVC Coated Nylon Sheet	DCS/20-21/241/27.11.2020	21800	8720	8720	5813
1/2 HP Pump	AN/20-21772/12.03.21	4135	1654	1600	1102
Rope Net	904/16.01.2021	1840	736	720	491
മത്സ്യക്കുഞ്ഞുങ്ങൾ	13060/22.1.21	3700	1480	1480	987
ആകെ				12520	8393

സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണസ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണെന്നുള്ള മേൽ സർക്കാർ നിർദ്ദേശം പാലിക്കാതെ സബ്സിഡി തുക പൂർണ്ണമായും ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്ന് മാറി നൽകിയതിന്റെ കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 10 ന് പഞ്ചായത്ത് വിഹിതം 40% വും ഫിഷറീസ് വിഹിതം 40% ആണെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. അതിൽ Feed, Seed , മറ്റ് ചിലവുകൾ എന്നിവയ്ക്കാണ്

ഫിഷറീസ് വകുപ്പ് സബ്സിഡി നൽകുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ആകെ സബ്സിഡി 80% ആണ് അനുവദിച്ചിട്ടുള്ളത്. ആയത് നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

II ബയോഫ്ലോക്ക് മത്സ്യകൃഷി

പ്രോജക്ട് നം.	115
പേര്	ബയോഫ്ലോക്ക് മത്സ്യകൃഷി
അടങ്കൽ	വികസനഫണ്ട് 149387 തനത് ഫണ്ട് 34613 മറ്റുള്ളവ 506000
ചെലവ് തുക	ബിൽ നം. 256/17.3.22-122387
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ

സ.ഉ(സാധാ) നം. 1009/2020/L.S.G.D Dated 29.05.2020 ഖണ്ഡിക 4.3പ്രകാരം ബയോഫ്ലോക്ക് മത്സ്യകൃഷിയ്ക്ക് മാർഗ്ഗരേഖ നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണസ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണെന്നുമാണ് ഖണ്ഡിക 4.3.2 ൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പിലാക്കിയതിൽ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവ്	ഇനം	ഇൻവോയിസ് നം. തിയതി	ബിൽ പ്രകാരമുള്ള തുക	സബ്സിഡി ഇനത്തിൽ അനുവദിക്കേണ്ട തുക(40%)	അനുവദിച്ച തുക	തദ്ദേശ ഭരണ സ്ഥാപനം വഹിക്കേണ്ട തുക (സബ്സിഡി തുകയുടെ 2/3)
ശ്രീ. വിനോദ്	Water Tank And Pvc Coated Nylon Sheet	DCS/ S/20-21/244/14.09.2020	11500	4600	4600	3067
	Epesheet	1752/28.9.2020	3570	1428	1500	952
	Mesh Sheet Etc	13315/17.9.2020	9033	3613	3613	2409
	Thabook	7/1.10.2020	2000	800	800	533
	Miscellaneous	133/10.10/2020	11800	4720	3487	3146
	Nut, Bolts Etc	646/21.09/2020	805	322	322	215
	Shade Net Etc	67/23.9.2020	1755	702	1918	468
	Electrical And Plumbing Items	1496/23.12.2020	5015	2006	2000	1337
	Electrical Items	1426/1.11.2020	22609	9044	8000	6029
	Api Fresh Water Master Test Kit	118/29.09.2020	4600	1840	1840	1227
	Net	699/30.9.2020	3300	1320	1320	880
	കൂലിച്ചെലവ്	-	1000	400	280	267
	ആകെ				29680	20530

ആനുകൂല്യം നൽകിയിട്ടുള്ള നാല് ഗുണഭോക്താക്കളും 40% സബ്സിഡി തുക പൂർണ്ണമായും ഗ്രാമപഞ്ചായത്ത് വിഹിതത്തിൽ നിന്നാണ് നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 10 ന് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ജനകീയ മത്സ്യകൃഷി 2020-21 മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം 40% സബ്സിഡി പഞ്ചായത്തും 40% സബ്സിഡി ഫിഷറീസ് ഡിപ്പാർട്ടുമെന്റുമാണ് വഹിക്കുന്നതെന്നും Seed, Feed ,Electricity , മറ്റ് ചിലവുകൾ എന്നിവയ്ക്കാണ് ഫിഷറീസ് വിഹിതം 40% സബ്സിഡി നൽകിവരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1-27 ജീവനി-നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

പ്രൊജക്റ്റിന്റെ പേര്	ജീവനി-നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം
പ്രൊജക്റ്റ് നം.	80
നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
ആകെ അടങ്കൽ തുക വികസനഫണ്ട് ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്)	275220 23400
ചെലവ് തുക	ബിൽ നം. 126/24.12.2021-40000 127/24.12.2021-75000 137/3.1.2022-75000 136/3.1.2022-40000 170/31.1.2022-25500 171/31.1.22-13600 304/30.3.2022-6120 ചെക്ക് നം. ലഭ്യമല്ല-23400 ആകെ 298620

പച്ചക്കറി വിത്തുകളും തൈകളും സൗജന്യമായും ജൈവവളം 75% സബ്സിഡി നിരക്കിൽ നൽകുന്നതിനുമായി ആവിഷ്ക്കരിച്ചിരുന്ന പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്താവിന് സ്ഥലവിസ്തൃതിക്ക് ആനുപാതികമായാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. എന്നാൽ വാർഡ് 11 ലെ അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം കരം അടച്ച രസീതിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1. ലേജു. വി.ടി
2. അനില. എ
3. പ്രമീളാദേവി അമ്മ
4. സുജിത. ബി
5. സിനി.ഡി
6. ലളിതാംബിക.ജി
7. അഞ്ജലി സജു
8. സതി
9. സിന്ധു. എച്ച്
10. ദ്രൗപദി അമ്മ
11. ലത
12. സുലേഖ
13. ശാന്ത

2. വാർഡ് 5, 11 എന്നിവയിലെ അപേക്ഷകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

1. സുധർമ്മിനി. ലക്ഷ്മി വിള
2. ചന്ദ്രിക. ചരുവിള വീട്
3. ലേജു.വി.ടി

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 29 ന് ജീവനി പദ്ധതിയുടെ മാനദണ്ഡത്തിൽ കരം അടച്ച രസീതിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലായെന്നും എന്നാൽ ആനുകൂല്യ വിതരണസമയത്ത് ഓരോ ഗുണഭോക്താവിന്റേയും കരം അടച്ച രസീത് കൃഷി ഭവൻ ഉദ്യോഗസ്ഥർ പരിശോധിച്ച് സ്ഥലവിസ്തൃതി ഉറപ്പാക്കിയാണ് ആനുകൂല്യം വിതരണം ചെയ്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മതിയായ ഗുണഭോക്താക്കൾ ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത സാഹചര്യത്തിൽ പദ്ധതിയുടെ പൂർത്തീകരണത്തിനായി ഒന്നിൽ കൂടുതൽ അഡീഷണൽ ലിസ്റ്റുകൾ അംഗീകരിച്ചാണ് പദ്ധതി പൂർത്തീകരിച്ചതെന്നും മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ അപേക്ഷകൾ സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകരിച്ചു നൽകിയ ഗുണഭോക്തൃലിസ്റ്റിൽ അവർ ഉൾപ്പെടാതെ പോയതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സംഗതിയിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. സ.ഉ (കൈ) നം. 11/18/Lsgd Dated 29.01.2018 ഖണ്ഡിക 11.3.9 പ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് മുൻഗണനാക്രമം മാറാതെ തന്നെ ഭരണസമിതി അംഗീകരിക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഭാവിയിൽ ഇത്തരം അപാകങ്ങളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 ലോഗ് ബുക്ക് പരിപാലനം- അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-16-P-3757 മഹീന്ദ്രയെലോ വാഹനത്തിന്റെ ലോഗ്ബുക്ക് നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എച്ച്.സി വാല്യം.I പ്രകാരം കെ.എച്ച്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എച്ച്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രതീക്ഷിത ചെലവ് പതിനായിരം രൂപയ്ക്ക് മുകളിലാണെങ്കിൽ കട്ടേഷൻ മുഖേന മാത്രം വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്. വൗച്ചർ നം. 22100136/1.6.2021 പ്രകാരം 103290/- രൂപ പഞ്ചായത്ത് വാഹനം അറ്റകുറ്റപ്പണി നടത്തിയതിന് Friends New Type എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ കട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2.അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3. ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്. ഇന്ധനക്ഷമത ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല.

4. സഞ്ചരിച്ച ദൂരം രേഖപ്പെടുത്തുന്നില്ല.

ലോഗ്ബുക്കിലെ 11-മത്തെ കോളമായ "Miles/Kilometers Covered" എന്നതിന്റെ വിവരം നിശ്ചയമായും പൂരിപ്പിക്കേണ്ടതാണ്.

5. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല.

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

6.Monthly Absract എഴുതി സൂക്ഷിക്കുന്നില്ല.

7. ഡീസൽ ഉപയോഗം സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ വരുത്തുന്നില്ല

ഇതു സംബന്ധിച്ച ഓഡിറ്റ് എൻകയറി നം. 45 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ലോഗ്ബുക്ക് പരിപാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-29 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എം)എസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് നം 23/25-2-23 നു മറുപടിയായി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-30 അങ്കണവാടി കെട്ടിടങ്ങൾക്കുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- നടപടി അനിവാര്യം

സ. ഉ(കൈ)നം.11/2018/തസ്വഭവ തീയതി 29.01.2018 ഖ7.8.2 (1),(2) എന്നിവ പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനായി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണെന്നും കൂടാതെ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും പറയുന്നു. തദ്ദേശസ്വയംഭരണ(ഡിസി) വകുപ്പിന്റെ 3-9-2010 ലെ നമ്പർ 39033/ഡി.സി.2/2010ത.സ്വ.ഭ.വ സർക്കുലർ പ്രകാരം അനുപൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 858922/- രൂപ മുന്നിരിപ്പും 1102222/- രൂപ നീക്കിയിരിപ്പും ഈ ഇനത്തിൽ ഉണ്ടായിരുന്നുവെങ്കിലും ഇത്തരത്തിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾ ഒന്നും തന്നെ വിഭാവനം ചെയ്തിട്ടില്ല. സ്വന്തമായി കെട്ടിടമില്ലാത്ത 12 അങ്കണവാടികളാണ് പഞ്ചായത്തിൽ ഉള്ളത്. കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി (നം 21/21-22 25.02.2023) ക്ക് അങ്കണവാടികളുടെ നിലവിലെ ഭൗതിക സാഹചര്യം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കി ആയത് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഭൗതിക സാഹചര്യം	അംഗൻവാടികളുടെ എണ്ണം
1	സ്വന്തം കെട്ടിടമില്ലാത്തവ	11
2	വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	10
3	ചുറ്റുമതിൽ ഇല്ലാത്തവ	3
4	ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സൗകര്യം ഇല്ലാത്തവ	19
5	വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം	ഇല്ല
6	കുടിവെള്ള കണക്ഷൻ ഇല്ലാത്തവ	ഇല്ല
7	ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടികളുടെ എണ്ണം	ഇല്ല

1-31 ഐ കെ എം വിഹിതം ഒടുക്കൽ - ₹ 53530/- തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം	S003/22
പ്രോജക്ടിന്റെ പേര്	ഐ കെ എം വിഹിതം ഒടുക്കൽ
നിർവഹണം	സെക്രട്ടറി
അടങ്കൽ	53530/-(വി ഫണ്ട് ജനറൽ)
ചെലവ്	53530/-
ബിൽ നം	5/15.06.2021 -53530

ഐകെഎം ന് 21-22 വർഷത്തെ പ്രവർത്തന ഫണ്ട് നൽകുന്നതിനായി 20.04.21ലെ ഐകെഎം/ എ7/ 955/2021 -ാാം നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് പ്രസ്തുത പ്രോജക്ട്. പ്രസ്തുത കത്ത് പ്രകാരം 21-22 സാമ്പത്തിക വർഷം ഒടുക്കേണ്ട തുക 45633/- രൂപയാണ്. എന്നാൽ ഒടുക്കിയിട്ടുള്ളത് 53530/- രൂപയാണ്. 2020-21 ലെ വിഹിതമാണ് 53530/- രൂപ പ്രസ്തുത തുക മുൻവർഷം ഒടുക്കിയിട്ടുള്ളതും കൈപ്പറ്റ് ലഭ്യമായിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ 21-22 വർഷവും 53530/- രൂപ നൽകാനുണ്ടായ കാരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം 11/2021-22, 24.02.2023 ക്ക് അധികമായി നൽകിയ 7897/- രൂപ 2023-24 വർഷം കൂറവ് വരുത്തുന്നതാണെന്ന് അറിയിച്ചു. ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ ചെലവ് തുകയായ 53530/- രൂപ തടസ്സപ്പെടുത്തുന്നു.

1-32 ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല- 100000/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതിക്കായി തുക നിർവ്വഹണ ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. ഓഡിറ്റ് എൻകയറി (നം 16/2021-22, 24.02.2023)ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലെന്ന് മറുപടി നൽകി.

പ്രോനം	പദ്ധതി	സ്ഥാപനം	ബിൽ നമ്പർ	തുക	ഫണ്ടിനം	ലഭ്യമാക്കേണ്ട രേഖ
S0046/22	ജില്ലാ ആസ്ഥാന മന്ദിര നിർമ്മാണത്തിന് തുക നൽകൽ	ചെയർപേഴ്സൺ ആൻഡ് മെമ്പർ സെക്രട്ടറി , ജില്ലാ പ്ലാനിംഗ് ഓഫീസ്	13/21-22 29.06.2021	100000	വി. ഫണ്ട് ജനറൽ	വിനിയോഗ സാക്ഷ്യപത്രം

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി 100000/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

1-33 സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കിയില്ല

ചുവടെ ചേർക്കുന്ന സ്പിൽ ഓവർ പദ്ധതികൾ 2021-22 വർഷം നടപ്പാക്കിയിട്ടില്ല

ക്രമ നം	പ്രോജക്റ്റ് നം	പ്രോജക്റ്റിന്റെ പേര്	അടങ്കൽ തുക
1	124/22	സമഗ്ര കോളനി വികസനം	150000
2	126/22	വക്കം ഗവ എൽ പി ജി എസിൽ അടുക്കള , മൂത്രപ്പുര നിർമ്മാണം	2227
3	129/22	തോപ്പിൽ കൂളം റോഡ് കണ്ണൻ ചിരട്ട റോഡ് കോൺക്രീറ്റിംഗ്	508800
4	130/22	തൊടിയിൽ ഇടവഴി കോൺക്രീറ്റിംഗ്	240599
5	131/22	ആങ്ങാവിള കോതക്കുളം റോഡ് ഓട നിർമ്മാണം	136090
6	132/22	നിലക്കാമുക്ക് സ്കൂളിന് കിണർ നിർമ്മാണം	300000
7	119/22	കടൈവിളാകം ക്ഷേത്രം നടപ്പാത ഇന്റർ ലോക്കിംഗ്	260000
8	120/22	അരി തിട്ട പുതുവയൽ	125000

		തൊടി ബാക്കി ഭാഗം ഇന്റർ ലോക്കിംഗ്

ജി.ഒ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ പറഞ്ഞ സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കാതിരുന്നതിൽ വ്യക്തത വരുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻകയറിക്ക് (5/21-2-23) ന് മറുപടിയായി 4 പദ്ധതികൾ സ്ഥല വാസികളുടെ എതിർപ്പ് കാരണം ഉപേക്ഷിച്ചതായും ബാക്കിയുള്ളവ 2022-23 വർഷം പൂർത്തീകരിച്ചതായും മറുപടി നൽകിയിട്ടുണ്ട്. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 64 പദ്ധതികൾ നടപ്പിലാക്കുന്നതിനായാണ് തൻവർഷം അംഗീകാരം വാങ്ങിയതെങ്കിലും 35 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അംഗീകാരം ലഭിച്ച പദ്ധതികൾ തൻവർഷം തന്നെ നടപ്പിലാക്കുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

1-34 അങ്കണ വാടികളുടെ അധിക വാടക അടവാക്കൽ - പദ്ധതി രൂപീകരിക്കേണ്ടത് അനിവാര്യം

ബി) അംഗൻവാടിയുടെ അധിക വാടക ജീവനക്കാരിൽ നിന്നും ഈടാക്കുന്നു.

പഞ്ചായത്തിനു കീഴിലുള്ള അങ്കണ വാടികളിൽ 10 എണ്ണം വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചു വരുന്നത്. പ്രസ്തുത അങ്കണവാടികൾക്ക് 1000/-രൂപ വകുപ്പിൽ നിന്നും ബാക്കി തുക അംഗൻവാടി വർക്കർമാരുടെ കൈയ്യിൽ നിന്നുമാണ് നൽകി വരുന്നതെന്നും ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻകയറിക്ക്(22/25-2-23) മറുപടിയായി അറിയിച്ചിരിക്കുന്നു.അധിക വാടക നൽകുന്നതിനു വികസന ഫണ്ടിൽ നിന്നും 2022-23 വർഷം തുക വകയിരുത്തിയതായി അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ വാടക ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

1-35 കോവിഡ് പ്രതിരോധ പ്രവർത്തനം കമ്മ്യൂണിറ്റി കിച്ചൻ- ജനകീയ ഹോട്ടൽ മുഖാന്തിരം പ്രവർത്തിപ്പിക്കൽ - നടത്തിപ്പിലെ അപാകങ്ങൾ

പ്രോജക്ട് നം	S0116/22
പ്രോജക്ടിന്റെ പേര്	കോവിഡ് പ്രതിരോധ പ്രവർത്തനം കമ്മ്യൂണിറ്റി കിച്ചൻ- ജനകീയ ഹോട്ടൽ മുഖാന്തിരം പ്രവർത്തിപ്പിക്കൽ
നിർവഹണം	സെക്രട്ടറി
അടങ്കൽ	400000/-(വി ഫണ്ട് ജനറൽ)
ചെലവ്	400000/-
ബിൽ നം	1. 17/12.0.2021 - 220035 2. 21/28.07.2021 – 94755 3. 24/03.08.2021 – 25585 4. 41/06.09.2021 - 59625

കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 11.05.2021 ലെ സ.ഉ(സാധാ)നം. 986/2021/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് പരിധിയിൽ ഭക്ഷണ ദൗർലഭ്യം നേരിടുന്നതായി ബോധ്യപ്പെടുന്ന കോവിഡ് രോഗബാധിതർക്കും കുടുംബാംഗങ്ങൾക്കും മറ്റ് ദുർബല വിഭാഗത്തിൽപ്പെടുന്നവർക്കും വാർഡ് തലത്തിൽ തയ്യാറാക്കിയ പട്ടിക പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജനകീയ ഹോട്ടലുകൾ മുഖേന ദിവസം രണ്ട് നേരം (രാവിലെയും ഉച്ചയ്ക്കും) ഒരു നേരം 20 രൂപയ്ക്ക് ഭക്ഷണം വാങ്ങി നൽകുന്നതിനാണ് ഭരണസമിതി അംഗീകരിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകങ്ങൾ കാണുന്നു.

എ.ജനനി കാറ്ററിംഗ് യൂണിറ്റ് എന്ന സ്ഥാപനത്തെയാണ് പദ്ധതി നടത്തിപ്പിനായി ഏൽപ്പിച്ചിട്ടുള്ളത്. ജനകീയ ഹോട്ടലുകൾ മുഖേന നടപ്പിലാക്കുന്നതിന് രൂപീകരിച്ച പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് കാറ്ററിംഗ് യൂണിറ്റിന് ഭക്ഷണ വിതരണ ചുമതല ഏൽപ്പിച്ചതിന്റെ കാരണം വ്യക്തമല്ല.

ബി. വാർഡ് തലത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടിക ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. അതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ ആനുകൂല്യം നൽകിയത് എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

സി. പദ്ധതി പ്രകാരം 20/- രൂപയ്ക്ക് ഭക്ഷണം നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ പ്രഭാത ഭക്ഷണം നൽകിയിട്ടുള്ളത് 25/- രൂപയ്ക്കാണ്. ഇത്തരത്തിൽ പദ്ധതി വ്യവസ്ഥകളിൽ നിന്ന് വ്യതിചലിച്ച് ഉയർന്ന നിരക്കിൽ ഭക്ഷണം നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറി (നം 14/2021-22,22.02.2023) ക്ക് മറുപടി നൽകിയിട്ടില്ല. അംഗീകരിച്ച പദ്ധതി നിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് തുക നൽകുന്നത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-36 തെരുവ് വിളക്ക് പരിപാലനം- അപാകങ്ങൾ

പ്രോജക്ട് നം	S0161/22
പ്രോജക്ടിന്റെ പേര്	തെരുവ് വിളക്ക് അറ്റകുറ്റപ്പണി-സാധനങ്ങൾ വാങ്ങൽ
നിർവഹണം	സെക്രട്ടറി
അടങ്കൽ	200000(CFC Untied)
ചെലവ്	173950
ബിൽ നം	1. 117/09.12.2021 - 44000 2. 274/21.03.2022 - 129950

വക്കം ഗ്രാമപഞ്ചായത്തിലെ 14 വാർഡുകൾക്കുമായി ആവശ്യാനുസരണം തെരുവ് വിളക്ക് സാധനങ്ങൾ വാങ്ങുന്നതിനും യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനുമാണ് പ്രോജക്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 13.11.2021ലെ എ4/ 4216/21നമ്പർ പ്രകാരം ശ്രീ സന്തോഷ് എസ്, പ്രണവം, വക്കം എന്ന വ്യക്തിക്കാണ് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്. പ്രസ്തുത വർക്ക് ഓർഡർ പ്രകാരം 200 രൂപ മുദ്ര പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തൻവർഷം അറ്റകുറ്റപ്പണി നടത്തിയ വകയിൽ 129950/- രൂപ ശ്രീ സന്തോഷ് എസ് നൽകിയിട്ടുണ്ട്.

കൂടാതെ ലൈറ്റ് ഹൗസ് ആറ്റിങ്ങൽ എന്ന സ്ഥാപനത്തിന് 9W LED 500 എണ്ണം വാങ്ങിയ വകയിൽ 44000/- രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻകയറി (നം 49/ 28.02.2023) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ചുവടെ ചേർത്തിരിക്കുന്ന അപാകങ്ങൾ കാണുന്നു.

*പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015ലെ ജി2-44274/2015ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ തെരുവ് വിളക്ക് പരിപാലനത്തിന് പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം വാർഡ്തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയോ പ്രതിമാസം പ്രവർത്തനപുരോഗതി വിലയിരുത്തുകയോ ചെയ്തിട്ടില്ല.

* ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തികവർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ, സ്റ്റോക്ക് ഔട്ട് രജിസ്റ്ററുകൾ റികൺസൈൽ ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇത്തരം നടപടി ക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ല.

* കരാറുകാരന്റെ യോഗ്യത, ഇലക്ട്രിക്കൽ സൂപ്പർവൈസർ ലൈസൻസിന്റെ പകർപ്പ്, ഇൻഷുറൻസ്, കരാർ മുതലായവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

* തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തേണ്ടതുമാണെന്നാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/ത.സ്വ.ഭ.വ. തീ.15.09.11 ഖ.2നുള്ള കുറിപ്പ് (ഇ) നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള പരാതി രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല.

2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും നിലവിലും പ്രസ്തുത അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളൊന്നും പഞ്ചായത്തധികൃതരുടെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-37 ശ്യംഖലാ ബന്ധിത സോളാർ പാനൽ സ്ഥാപിക്കൽ -പൂർത്തിയാക്കിയില്ല

പദ്ധതിയുടെ പേര്	ശ്യംഖലാ ബന്ധിത സോളാർ പാനൽ സ്ഥാപിക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	172/21-22
അടങ്കൽ	145035/-(വി.ഫ. ജനറൽ)
ചെലവ്	145035/-
ബിൽ നമ്പർ, തുക, തീയതി	78/27.10.21, 145035/-

വക്കം ഗ്രാമ പഞ്ചായത്തിലെ 2018-19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി രൂപീകരിച്ച പദ്ധതി നമ്പർ 176/2019 പ്രകാരം പഞ്ചായത്ത് ഓഫീസിൽ ഭാഗികമായി ശ്യംഖലാബന്ധിത സോളാർപാനൽ സ്ഥാപിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഭാഗം കൂടി ശ്യംഖലാബന്ധിത സോളാർപാനൽ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. അനെർട്ടിന്റെ എം എൻ ആർ ഇ സ്കീം മുഖേന 30% സബ്സിഡിയോടു കൂടി 3KW Off-Grid Solar Power Plant നടപ്പിലാക്കുന്നതിനാണ് പ്രോജക്ട്. മുൻവർഷത്തെ പദ്ധതിയുടെ ധനവിനിയോഗസാക്ഷ്യപത്രം പ്രകാരം 228422/- രൂപ അനെർട്ടിന്റെ പക്കൽ ഉണ്ടായിരുന്നു. 2021-22 വർഷത്തെ പദ്ധതിക്കായി ₹369101/- ആണ് വകയിരുത്തിയത്. സോളാർ പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം 17/21-22, 24/02/2023 ക്ക് മറുപടി നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണം ആരംഭിച്ചത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കിയിട്ടില്ല.

1. 01.10.2021ലെ 108/DOT/DW(F) / ANERT/2021 ാം നമ്പർ കത്ത് പ്രകാരം ₹224066/- ആണ് മുൻബാക്കിയുള്ളതായി അറിയിച്ചിട്ടുള്ളത്. എന്നാൽ 108/DOT/03/DW(VKM) / ANERT/2021-22 ാം നമ്പർ ധനവിനിയോഗസാക്ഷ്യപത്രം പ്രകാരം 101900/- രൂപയും 108/DOT/05/DW(VKM) / ANERT/2021-22 ാം നമ്പർ ധനവിനിയോഗസാക്ഷ്യപത്രം പ്രകാരം 126522/- രൂപയും ആകെ 228422/- രൂപ ശേഷിക്കുന്നതായി അറിയിച്ചിട്ടുണ്ടായിരുന്നു. തുക വകയിരുത്തിയപ്പോൾ ₹224066/- യാണ് മുൻബാക്കിയായി കണക്കാക്കിയിട്ടുള്ളത്. ₹364745/- വകയിരുത്തുന്നതിനു പകരം ₹369101/- യാണ് വകയിരുത്തിയിട്ടുള്ളത്. മുൻബാക്കിയായി അവശേഷിച്ച ₹4356/- കണക്കിലെടുക്കാത്തതിന്റെ കാരണം വ്യക്തമല്ല.

2. അനെർട്ടുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശം, കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചത് സംബന്ധിച്ചോ പുരോഗതി സംബന്ധിച്ചോ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. 27.10.2021 ൽ തുക നൽകിയെങ്കിലും ഓഡിറ്റ് തീയതിയിലും കരാറിൽ ഏർപ്പെട്ട് പ്ലാന്റ് സ്ഥാപിച്ചിട്ടില്ലെങ്കിൽ ആര് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.

3. ഈ വർഷം പദ്ധതി നടത്തിപ്പിനായി നൽകിയ തുകയുടെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4. മുൻപദ്ധതി പ്രകാരം സ്ഥാപിച്ച സോളാർ പാനലിൽ നിന്നുള്ള വൈദ്യുതി കെ എസ് ഇ ബിയുടെ ഗ്രിഡിലേക്ക് നൽകുകയാണോ അഥവാ നിലയത്തിന്റെ ശേഷിക്കനുസരിച്ച് നിശ്ചിത ലോഡുകളിലെ ഉപയോഗം തുടർച്ചയായി സൗര വൈദ്യുത നിലയത്തിൽ നിന്നും ഉപയോഗിക്കാവുന്ന ശേഖരണോപാധിയോട് കൂടിയ പദ്ധതിയായാണോ നടപ്പാക്കിയിട്ടുള്ളത് എന്നത് സംബന്ധിച്ചും വിശദാംശം ലഭ്യമല്ല. സോളാർ പാനലുകൾ കൃത്യമായ ഇടവേളകളിൽ പൊടി തങ്ങി നിൽക്കാത്ത വണ്ണം വ്യത്തിയായി സൂക്ഷിക്കേണ്ടതാണെന്ന് അനെർട്ട് നിർദ്ദേശിച്ചിട്ടുണ്ട് അല്ലാത്തപക്ഷം പ്ലാന്റിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റനു ലഭ്യമാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1),പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2),പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം.

വിഹിതം, നൽകിയത്	മുൻബാക്കി	പ്രോജക്ടിന്റെ പേര്	സൂലേഖ പ്രകാരം ചെലവ്	തീർക്കാ തിരിപ്പ്
ജില്ലാ പഞ്ചായത്ത് വിഹിതം		6 സ്നേഹസ്പർശം	220875	0

		31 ക്ഷീര സമൃദ്ധി ജനറൽ	100000	0
		34 ക്ഷീര സമൃദ്ധി വനിത	100000	0
	3620		**420875**	**3620**
ബ്ലോക്ക് പഞ്ചായത്ത് വിഹിതം		150 ന്യൂ ലൈഫ് കുന്നുവിള ലക്ഷം വീട് നവീകരണം (എസ് സി)	40000	0
		6 സ്നേഹസ്പർശം	220875	0
		4 അനുപൂരക പോഷകാഹാരം	75000	0
		34 ക്ഷീര സമൃദ്ധി വനിത	77699	0
	ആകെ 679334		**413574**	699334

	20-21 B4 പ്രകാരമുള്ള നിക്കിയിരിപ്പ്	21-22 RP 7/31 പ്രകാരമുള്ള വരവ്	ആകെ	സൂലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ്	നിക്കിയിരിപ്പ്	21-22 B4 പ്രകാരമുള്ള നിക്കിയിരിപ്പ്
ജില്ലാ പഞ്ചായത്ത് വിഹിതം	3620	420875	424495	420875	3620	3620
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	679334	433574	1112908	413574	699334**	431334
മുനിസിപ്പൽ കോർപ്പറേഷൻ	0	1620350	1620350	1620350	0	0

..ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരിപ്പ് B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	വർഷം	ചെലവഴിച്ച തുക	ബാലൻസ് തുക
ANERT	Solar Power System In Panchayat	1190000	2019-20	0	1190000
KWA	Pipe Line Extension	1868950	2019-20	953518	915432
			2020-21	0	
KSEB	Street Main Extension	1018315	2019-20	0	1018315
			2020-21		

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	107/22, ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ, എക്സ്ടെൻഷനും	54164	0	54164
അനർട്ട്	172/22 സോളാർ പാനൽ സ്ഥാപിക്കൽ	145035	0	145035

	2020-21 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	2021-22-വർഷത്തെ നിക്ഷേപം	ആകെ	ചെലവ്	നിക്കിയിരിപ്പ്	2021-22 B18 ഷെഡ്യൂൾ പ്രകാരമുള്ള നിക്കിയിരിപ്പ്
കെ.എസ്.ഇ.ബി	1018315	54164	1072479	0	1072479	1072479
കേരള വാട്ടർ അതോറിറ്റി	915432	0	915432	22323	893109	893109
അനർട്ട്	1190000	145035	1335035	0	1335035	1335035

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

2021-22 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം.

വായ്പയുടെ പേര്/ ഉദ്ദ്യേശ്യം	ഉത്തരവ് നം./ തിയതി	വായ്പാ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	ആകെ തുക	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് ഭവന പദ്ധതി	G.O. (MS)68/18 തിയതി 18.05.18	5020000	4361279	110000	4471279	520667	3950612

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഓഡിറ്റ് ഖണ്ഡിക	സമാഹൃത ഓഡിറ്റ് വർഷം	സമാഹൃത ഓഡിറ്റ് ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2003-04	3.3	2006-07	3.5.1	റെയിൽവേ ഗേറ്റ് മെയിന്റനൻസ്	ഗ്രാന്റായി ലഭിച്ച തുക അടവാക്കിയിട്ടുണ്ട്
2004-05	3.13	2007-08	3.3.1	ഉപയോഗശൂന്യമായ ടിപ്പർ ലീൽ സ്ബന്ധിച്ച്	ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	4782394
ഓഡിറ്റ് വർഷത്തെ വരവ്	44524179
ആകെ	49306573
ഓഡിറ്റ് വർഷത്തെ ചെലവ്	42128911
നിക്കിയിരിപ്പ്	7177662
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**153530**

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-31	53530	ശ്രീമതി. അനിത. ആർ, സെക്രട്ടറി
1-32	1,00000	ശ്രീമതി. അനിത. ആർ, സെക്രട്ടറി
ആകെ	**153530**	

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

ക്രമ നം.	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം)	സ്ഥിരംമേൽവിലാസം
1	ശ്രീമതി. അനിത. ആർ, സെക്രട്ടറി	സെക്രട്ടറി, ചെങ്കൽ ഗ്രാമ പഞ്ചായത്ത്	നിരഞ്ജനം , കൽപക ഗാർഡൻസ്, പാപ്പനം കോട് , തിരുവനന്തപുരം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2004-05	കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1680/2022/03.10.2022	01 (3-13)
2005-06	കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1680/2022/03.10.2022	01(3-3)
2006-07	കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1680/2022/03.10.2022	02(2-4, 3-4)
2007-08	കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1680/2022/03.10.2022	01(3-2)
2009-10	കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1680/2022/03.10.2022	01(3-1)
2016-17	കെ.എസ്.എ.റ്റി.വി.എം/ ജി.പി.10/1680/2022/03.10.2022	1(3-2)
2017-18	കെ.എസ്.എ.റ്റി.വി.എം/ ജി.പി.8/497/2019 തീയതി 07.09.2019	34
2018-19	കെ.എസ്.എ.റ്റി.വി.എം/ ജി.പി.8/335/2020 തീയതി 23.01.2021	29
2019-20	കെ.എസ്.എ.റ്റി.വി.എം/ ജി.പി.8/17527/2021 തീയതി 08.02.2022	39
2020-21	കെ.എസ്.എ.റ്റി.വി.എം/ ജി.പി.8/476/2022 തീയതി 26.05.2022	32

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-I
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട് പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വക്കം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്